നം.കെഎസ്എ.കെടിഎം.പി.5-1954/2018 തീയതി 05.11.2018

# കോട്ടയം ജില്ലയിലെ കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം -വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1.4.2017 മുതൽ 30.9.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 16 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന്ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | :ശ്രീ.ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | :10.10.18 മുതൽ 24.10.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | :.ശ്രീ പി.ബി നടരാജൻ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | :ശ്രീ രാജേഷ്.എം | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | :ശ്രീമതി സുനിത എം.എസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | :ശ്രീമതി സ്മിത റ്റി | സീനിയർഗ്രേഡ് ഓഡിറ്റർ |

നിർവഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.ബി.പ്രദീപ് | 1.4.17 മുതൽ 31.3.18 വരെ |
| സെക്രട്ടറി | ശ്രീമതി ഗീത മേരി മാമ്മൻ | 01.04.2017 മുതൽ 31.3.18 വരെ |

മറ്റ് നിർവഹണോദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഫ്രാൻസിസ് കെ.എം | 1.4.2017 മുതൽ 15.6.17 വരെ |
| | ശ്രീ.രാജു.ഇ.കെ | 16.6.2017മുതൽ31.03.2018വരെ |
| കൃഷി ഓഫീസർ | ശ്രീ.ബിനു തോമസ് | 1.4.17 മുതൽ 02.10.17 വരെ |
| | ശ്രീമതി സ്നേഹലത മാത്യൂസ് | 3.10.2017 മുതൽ 31.3.2018 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ.അജയകുമാർ പി. | 1.4.2017മുതൽ31.32018 വരെ |

| | | |
|---|---|---|
| വെറ്ററിനറി സർജൻ | ഡോ.അജയ് കുരുവിള | 1.4.17 മുതൽ 31.3.2018 വരെ |
| വി.ഇ.ഒ | ശ്രീ.മുഹമ്മദ് റിയാസ് | 1.4.17 മുതൽ 14.11.17 വരെ |
| | ശ്രീമതി ജലജാമണി | 15.11.2017 മുതൽ 31.3.2018 |
| | ശ്രീ വിഷ്ണുമായ സാഗർ | 1.4.2017 മുതൽ 31.3.2018വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി ജിനു മേരി ബെഞ്ചമിൻ | 1.4.2017 മുതൽ 31.3.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ബീന | 1.4.2017 മുതൽ 5.12.2017 വരെ |
| | വിജയകുമാർ എം.ജി | 6.12.17 മുതൽ 31.3.2018വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.വിനീത | 1.4.17 മുതൽ 31.3.18 വരെ |
| മെഡിക്കൽ ഓഫീസർ (അലോപ്പതി) | ഡോ.ജോസഫ് ആന്റണി | 1.4.17 മുതൽ 31.3.18 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീമതി ജമീല സി.എച്ച്. | 1.4.17 മുതൽ 31.3.18 വരെ |

ഉള്ളടക്കം


| ഖണ്ഡികനമ്പർ | വിഷയം |
|---|---|
| | ഭാഗം 1-പൊതു അവലോകനം |
| 1-1 | ബജറ്റ് |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പ് പദ്ധതി - അവലോകനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്ക്--അവലോകനം |
| 1-13 | ഓഡിറ്റ് ഇംപാക്ട് |

| | |
|---|---|
| ഭാഗം-2 | ഭാഗം 2-വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 2-1 | തൊഴിൽനികുതി-അപാകതകൾ |
| 2-2 | ചീഫ് ടൗൺ പ്ലാനറുടെ നിർദ്ദേശം പാലിക്കാതെ നിർമ്മാണം നടത്തിയ കെട്ടിടം റഗുലറൈസ് ചെയ്തു നല്കി |
| 2-3 | ഇ-ടെണ്ടർ ഫാറവില പഞ്ചായത്തിന് ലഭിക്കുന്നില്ല |
| ഭാഗം-3 | ഭാഗം 2-ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ |
| 3-1 | എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലും, പ്രവൃത്തിയുടെ മേൽനോട്ടം നടത്തുന്നതിലും അളവ് രേഖപ്പെടുത്തുന്നതിലും അപാകത-പഞ്ചായത്തിന് ധനനഷ്ടം |
| 3-2 | തനത് ഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ കണ്ട അപാകതകൾ |
| 3-3 | ഗുണഭോക്തൃസമിതി കൺവീനർക്ക് പ്രവൃത്തി -ഓവർഹെഡ് ചാർജ്ജിനത്തിൽ 16099/- രൂപ നല്കി |
| 3-4 | യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തെ കരാറുകാർക്ക് നിയമാനുസൃതമല്ലാത്ത ഇളവുകൾ അനുവദിക്കുന്നു |
| 3-5 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മഴക്കുഴിനിർമ്മാണം- അപാകത |
| 3-6 | വെള്ളക്കരം- വൻതുക കുടിശിക ഡിമാന്റ് ചെയ്യുന്നു. |
| 3-7 | മഴക്കാല ശുചീകരണം--നിർവ്വഹണത്തിലെ വീഴ്ചകളും സുതാര്യതയില്ലായ്മയും |
| 3-8 | ഉപരി പരിശോധനയുടെ അഭാവം -അങ്കണവാടി സ്റ്റോക്കിൽ വ്യത്യാസം |
| 3-9 | ബിറ്റുമിൻ ഉപയോഗിക്കുന്ന റോഡ് പ്രവൃത്തികൾ - ബാരൽ വില ഈടാക്കുന്നില്ല. |
| 3-10 | മുൻകൂട്ടിക്കാണാത്ത ഇനങ്ങൾക്കുള്ളചെലവ് -നിയമാനുസൃതമല്ലാത്ത വകയിരുത്തൽ |
| | ഭാഗം **4--**പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |

| | |
|---|---|
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം |
| അനുബന്ധം1 | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് 31.03.2018 തീയതിയിൽ |
| അനുബന്ധം 3 | ഇൻകം അന്റ് എക്സ്പെൻഡീച്ചർ 2017-18 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് 2017-18 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 23.3.17 തീയതിയിലെ ഒന്നാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 5.3.2018 ലെ 3(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 29563541.00 | 11804875.95 | -- | 17758665.05 |
| വരവ് | 134210500.00 | 51601201.00 | -- | 82609299.00 |
| ആകെ | 163774041.00 | 63406076.95 | -- | 100367964.01 |
| ചെലവ് | 155399000.00 | 47742189.00 | -- | 107656811 |
| നീക്കിയിരിപ്പ് | 8375041.00 | 15663887.95 | 7288846.95 | |

ബജറ്റ് പ്രകാരമുള്ള വരവും യഥാർത്ഥ വരവും തമ്മിൽ 8.26 കോടി രൂപയുടേയും ബജറ്റ് പ്രകാരമുള്ള ചെലവും യഥാർത്ഥ ചെലവും തമ്മിൽ 10.76 കോടി രൂപയുടേയും വ്യതിയാനം ഉണ്ടായിട്ടുള്ളതിനാൽ ബജറ്റ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214 ൽ അനുശാസിക്കുന്ന വിധം വാസ്തവീകമായ മതിപ്പുകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയതല്ലായെന്ന് വ്യക്തമാണ്. ബജറ്റ് തയ്യാറാക്കുന്നതിൽ നിയമാനുസൃത സമയപരിധിയും മുന്നൊരുക്ക നടപടിക്രമങ്ങളും പാലിക്കേണ്ടതും വിഭവ സമാഹരണവും പ്രതീക്ഷിക്കുന്ന ചെലവുകൾക്കായുള്ള (വാർഷിക പദ്ധതിച്ചെലവ് ഉൾപ്പടെ) വിഹിതവും യാഥാർത്ഥ്യബോധത്തോടെ ഉൾക്കൊള്ളിക്കേണ്ടതുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

2017-18 വർഷത്തെ വാർഷികകണക്കുകൾ 22.5.2018-ാം തീയതി ഓഡിറ്റിനായി സമർപ്പിച്ചിട്ടുണ്ട്.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

വാർഷികകണക്കുകൾ ഓഡിറ്റ് വേളയിൽ പരിശോധിച്ച് ഓഡിറ്റ് സാക്ഷ്യപത്രം റിപ്പോർട്ടിന്റെ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11804875.95 |
| വരവ് | 51601201.00 |
| ആകെ | 63406076.95 |
| ചെലവ് | 47742189.00 |
| നീക്കിയിരിപ്പ് | 15663887.95 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | അലോട്ട്മെന്റ് | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ ഒടുക്കിയത് | ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 12337000 | 11578193 | 758807 | 93.84 |
| വികസനഫണ്ട് എസ്.സി.പി. | 3031147 | 3013676 | 17471 | 99.42 |
| വികസനഫണ്ട് ടി.എസ്.പി. | 41983 | 12225 | 29758 | 29.11 |
| സംരക്ഷണഗ്രാന്റ് റോഡ് | 5271000 | 4630420 | 640580 | 87.84 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 2717000 | 2717000 | 00 | 100 |
| 13-ാം ധനകാര്യകമ്മീഷൻ ഗ്രാന്റ് | 11128542 | 5364349 | 5764193 | 48.20 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 129 | 44724841 | 100 | 29296302 | - | 29 | 77.51% |

പദ്ധതി രൂപീകരണം

ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷികപദ്ധതി രൂപീകരണത്തിന്റെ ഭാഗമായി ബന്ധപ്പെട്ട ഗ്രാമസഭ ഓരോ വാർഡിലും 2017 ഏപ്രിൽ മാസത്തിലെ വിവിധ തീയതികളിൽ കൂടുകയും വിവിധ വർക്കിംഗ് ഗ്രൂപ്പുകളുടെ പദ്ധതിനിർദ്ദേശങ്ങൾ ചർച്ച ചെയ്ത് അംഗീകരിക്കുകയും ചെയ്തു. ഇപ്രകാരം വർക്കിംഗ് ഗ്രൂപ്പുകളുടെയും ഗ്രാമസഭകളുടെ സംഘാടനം, കരട് പദ്ധതിനിർദ്ദേശങ്ങൾ ക്രോഡീകരിക്കൽ, വികസനസെമിനാർ എന്നിങ്ങനെ സർക്കാർ ഉത്തരവുപ്രകാരമുള്ള പ്രാഥമിക നടപടിക്രമങ്ങളിലൂടെയാണ് 17-18 ലെ വാർഷികപദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. 2017 ജൂലൈ മാസത്തിലെ വിവിധ തീയതികളിൽ കൂടിയ

ഗ്രാമസഭകളിൽവച്ച് വാർഷികപദ്ധതിയിലേക്കുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു.

പതിമൂന്നാം പഞ്ചവൽസരപദ്ധതിയുടെ ആദ്യവർഷമായ 2017-18-ലെ പദ്ധതിരൂപീകരണത്തിൽ ജി.ഒ.(എം.എസ്) 72/17 ത.സ്വ.ഭ.വ./29/3/2017 പ്രകാരം പരിഷ്കരിച്ച പദ്ധതി മാർഗ്ഗരേഖയിലേയും സബ്സിഡി മാർഗ്ഗരേഖയിലേയും നിർദ്ദേശങ്ങളനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ശ്രദ്ധിച്ചിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട രേഖകളുടെ സൂക്ഷിപ്പ് തൃപ്തികരമല്ല.

പദ്ധതി അംഗീകാരം

ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 24.5.2017 -ലെ 1/I-ാം നമ്പർ തീരുമാനപ്രകാരം കഞ്ഞഴ ഗ്രാമപഞ്ചായത്തിന്റെ 17-18 വാർഷികപദ്ധതി അംഗീകരിച്ചുതീരുമാനിച്ചു കൂടാതെ ജില്ലാ ആസൂത്രണസമിതിയുടെ 30/5/17ലെ 490/17/ഡി.പി.സി/ഡി.പി.ഒ/കെ.റ്റി.എം നമ്പർ നടപടി ഉത്തരവ് പ്രകാരം നിർവ്വഹണാംഗീകാരവും ലഭിച്ചു. വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 44724841/-രൂപ അടങ്കൽ വകയിരുത്തിയിരുന്ന വാർഷികപദ്ധതി പ്രകാരം 33 സ്പിൽ ഓവർ പ്രോജക്ടുകളുൾപ്പെടെ ആകെ 129 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചത്.

പദ്ധതിനിർവ്വഹണം

അഗീകാരം കിട്ടിയ പ്രോജക്ടുകളിൽ സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ ആകെ 100 പ്രോജക്ടുകൾക്കായി തൻവർഷം തുക ചെലവഴിച്ചിട്ടുണ്ട്. വാർഷിക പദ്ധതിക്കായുള്ള വകയിരുത്തലിന്റേയും ചെലവിന്റേയും ഫണ്ട് തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | യഥാർത്ഥ അലോട്ട്മെന്റ് | വാർഷികപദ്ധതിക്കായി വകയിരുത്തിയത് | ചെലവ് |
|---|---|---|---|
| പൊതുവിഭാഗം വികസനഫണ്ട് | 12337000 | 12725500 | 11578193 |
| എസ്.സി.പി | 3031147 | 3936018 | 3013676 |
| റ്റി.എസ്.പി | 41983 | 42000 | 12225 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | - | 8200842 | 5364349 |
| കേന്ദ്രാവിഷ്കൃതഫണ്ട് | - | 300000 | 47425 |
| തനതുഫണ്ട് | - | 1978417 | 1081832 |
| ബ്ലോക്ക് വിഹിതം | - | 1206667 | 625017 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 5271000 | 8770255 | 4630420 |
| മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 2717000 | 4199439 | 2717000 |
| മറ്റുള്ളവ | | 2215703 | 226165 |
| ആകെ | | 44724841 | 29296302 |

2016-17 വാർഷികപദ്ധതിയ്ക്കായി വകയിരുത്തിയിരുന്ന തുകയുടെ 65.50% മാത്രമേ തൻവർഷം ചെലവഴിക്കാനായിട്ടുള്ളൂ.

വർക്കിംഗ് ഗ്രൂപ്പിന്റെ പ്രവർത്തനം-അവലോകനം

ഗ്രാമപഞ്ചായത്തിന്റെ പദ്ധതി രൂപീകരണത്തിൽ നിർണ്ണായക പങ്കാളിത്തം വഹിക്കുന്ന സമിതികളാണ് വർക്കിംഗ് ഗ്രൂപ്പുകൾ. പഞ്ചായത്തിൽ പദ്ധതി പ്രവർത്തനവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. 2017-18 വർഷത്തെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ചേർന്നിട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്റ്റാന്റിംഗ് കമ്മിറ്റി | വർക്കിംഗ് ഗ്രൂപ്പ് | ആകെ അംഗങ്ങളുടെ എണ്ണം | കൂടിയ തീയതി/ ക്വാറം | വർക്കിംഗ് ഗ്രൂപ്പ് പ്രധാന തീരുമാനം |
|---|---|---|---|---|
| ധനകാര്യം | കണക്കുകളും രേഖകളും തയ്യാറാക്കൽ | 15 | 27.2.17 (8) | ISO Certificte<br>ആധുനിക പഞ്ചായത്ത് ഓഫീസ്<br>കമ്മ്യൂണിറ്റി ഹാൾ<br>തെരുവുവിളക്ക് |
| വികസനം | പ്രാദേശിക സാമ്പത്തിക വികസനം | 15 | 28.2.17 (7) | ചെറുകിട യൂണിറ്റുകൾക്ക് ധനസഹായം- ജൈവകീടനാശിനി വളം നിർമ്മാണ യൂണിറ്റ് |
| | മൃഗസംരക്ഷണം | 15 | 27.2.17 (8) | പശു വളർത്തൽ<br>കന്നുകുട്ടി പരിപാലനം<br>മൃഗാശുപത്രിക്ക് മരുന്ന വാങ്ങൽ |
| | പൊതുമരാമത്ത്, ഊർജ്ജം വൈദ്യുതി | 15 | 28.2.17 (5) | റോഡുകൾ കോൺക്രീറ്റിംഗ് റീടാറിംഗ് |
| ക്ഷേമകാര്യം | ദാരിദ്രലഘൂകരണം | 15 | 28.2.17 (11) | വീട് മെയിന്റനൻസ്<br>ആശ്രയ |
| | സാമൂഹ്യക്ഷേമം | 15 | 27.2.17 (11) | അഗനവാടി പോഷകാഹാരം, വേതനം നല്കൽ പകൽ വീട് |
| | പട്ടികവർഗ്ഗ വികസനം | 15 | | - |
| | സ്ത്രീകളുടെയും കുട്ടികളുടെയും വികസനം | 15 | 27.2.17 (11) | തയ്യൽ പരിശീലനം<br>ഭിന്നശേഷിക്കാർക്ക് ധനസഹായം |
| | പട്ടികജാതി വികസനം | 15 | 28.2.17 (7) | ലാപ്പ്ടോപ്പ് വിതരണം<br>വാട്ടർ ടാങ്ക് |

| | | | | |
|---|---|---|---|---|
| ആരോഗ്യവും വിദ്യാഭ്യാസവും | ആരോഗ്യം | 15 | 28.2.17 (6) | പാലിയേറ്റീവ് കെയർ മരുന്നവാങ്ങൽ ഫർണിച്ചർ വാങ്ങൽ |
| | കുടിവെള്ളം, ശുചിത്വം | 15 | 28.2.17 (11) | ജലനിധി<br>മാലിന്യസംസ്കരണം |
| | വിദ്യാഭ്യാസം സാംസ്കാരികം | 15 | 28.2.17 (6) | പത്താം തരം തുല്യതാ പദ്ധതി -ഫർണിച്ചർ വാങ്ങൽ |

## 1-7 തൊഴിലുറപ്പ് പദ്ധതി - അവലോകനം

തൊഴിലുറപ്പുമായി ബന്ധപ്പെട്ട് 2017-18 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലും കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2017-18 ആക്ഷൻ പ്ലാൻ പ്രകാരം ആകെ 294പ്രോജക്ടുകളാണ് വിഭാവനം ചെയ്തത്. സാങ്കേതിക അനുമതി ലഭിച്ച 77പ്രോജക്ടുകളിൽ 36പ്രോജക്ടുകൾ തൻവർഷം നടപ്പിലാക്കി. 2017-18 വർഷം 20005 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 359 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 4045 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 7233150/- | 7722274/- |
| | ക്യാഷ് വരവ്(ബാങ്ക് പലിശ ഉൾപ്പടെ) | 967024/- | |
| ആകെ | | | 7726319/- |
| ചെലവ് | തൊഴിലാളികളുടെ വേതനം | 5285450/- | 7721050/- |
| | വിദഗ്ദ തൊഴിലാളികളുടെ വേതനം | 382920/- | |
| | ഉപകരണങ്ങളുടെ വില, വാടക | 1564780/- | |
| | ഭരണ ചെലവുകൾ(ബാങ്ക് ചാർജ് ഉൾപ്പടെ) | 487900/- | |
| നീക്കിയിരിപ്പ് | | | 5269/- |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 23520 | 43 |
| കർഷകതൊഴിലാളി പെൻഷൻ | 2835600 | 235 |

| | | |
|---|---|---|
| വിധവാപെൻഷൻ | 7154000 | 614 |
| വാർദ്ധക്യകാലപെൻഷൻ | 17628600 | 1435 |
| വികലാംഗപെൻഷൻ | 1946900 | 198 |
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 333500 | 27 |
| വിവാഹധനസഹായം | 90000 | 3 |

## 1-9 കാഷ് വേരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10/10/2018 തീയതി 12.30പി.എം.ന് കാഷ്യറുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 12437/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണ സംവിധാനം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ തൃപ്തികരമാണ്. നിലവിലുള്ള ഓഫീസ് ഉത്തരവ് കൂടാതെ 25 പുതിയ ഉത്തരവുകളിലൂടെയാണ് തൻവർഷം പഞ്ചായത്തിന്റെ പ്രവർത്തനം നിയന്ത്രിക്കുന്നത് .സ്ഥാപനത്തിന്റെ ധനകാര്യ ഇടപാടുകൾ നിലവിലുള്ള അക്കൗണ്ടിംഗ് നിയമങ്ങൾക്ക് വിധേയമായും ഭരണസമിതി തീരുമാനങ്ങൾക്ക് അനുസൃതമായും നടത്തുന്നുണ്ട്. കണ്ടിജന്റ് ചെലവുകളുടെയും ആവർത്തനച്ചെലവുകളുടെയും രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.5.2018 | 3/18 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21/10/17 മുതൽ 30/10/17 വരെ | 2012-13മുതൽ 2016-17വരെ | നം.എൽ.ബി.എ(എച്ച്.ക്യൂ) II/8A-2704/17-18/275 |

## 1-12 വാർഷികകണക്ക്-അവലോകനം

കഞ്ഞഴ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 09.05.18 ലെ 6(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2017-18 ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 11804875.95/-രൂപയും തൻവർഷ വരവ് 51601201/-രൂപയും തൻവർഷചെലവ് 47742189/-രൂപയും വർഷാവസാന നീക്കിയിരിപ്പ് 15663887.95/-രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 83335055/-രൂപയും ആകെ ചെലവ് 82003536/-രൂപയും ആകുന്നു. മുൻകാല അക്കൗണ്ടിംഗ് ക്രമീകരണത്തിലൂടെ വരുമാനമായി കണക്കാക്കിയ 748706/-രൂപ ഉൾപ്പടെ തൻവർഷത്തെ വരുമാന മിച്ചം (Surplus) 2080225/-രൂപയായും കണക്കാക്കിയിട്ടുണ്ട്. 31.3.18 ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആസ്തി മൂല്യം 26563639.95/-രൂപയും ജനറൽ ഫണ്ട് ഒഴികെയുള്ള ബാധ്യത 14478320.8/-രൂപയും അന്നേ ദിവസത്തെ ജനറൽ ഫണ്ട് പൊസിഷൻ 12085319.15/-രൂപയും ആകുന്നു. മേൽ വിവരിച്ച പ്രകാരമുള്ള ധനകാര്യപത്രികകൾ ഓഡിറ്റിൽ പരിശോധിച്ചതിലും വിശകലനം ചെയ്തതിലും ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വാർഷിക ധനകാര്യപത്രിക ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ടെങ്കിലും ഇതിന്റെ അടിസ്ഥാനത്തിലുള്ള ധനകാര്യവിശകലനം നടത്തുകയോ മുൻവർഷ കണക്കുകളുമായി താരതമ്യം നടത്തുകകയോ ചെയ്തിട്ടില്ല.

2. അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ തയ്യാറാക്കിയിട്ടില്ല. അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകളിലൂടെ വെളിപ്പെടുത്തേണ്ട വിവരങ്ങൾ വെളിപ്പെടുത്തിയിട്ടില്ല. അക്കൗണ്ടിംഗ് നടപടികളിൽ പാലിച്ചിട്ടുള്ള കീഴ്‌വഴക്കങ്ങൾ, സിദ്ധാന്തങ്ങൾ, അന്തിമമായി സ്ഥിരീകരിക്കാത്ത തുകകളും പത്രികകളും സംബന്ധിച്ച വെളിപ്പെടുത്തലുകൾ എന്നിവ കുറിപ്പുകളിലൂടെ വെളിപ്പെടുത്തേണ്ടതും ആയത് വാർഷിക ധനകാര്യ പത്രികയുടെ ആമുഖമായി ഉൾപ്പെടുത്തേണ്ടതുമാണ്.
3. ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ നാളിതു വരെ പൂർത്തീകരിക്കാത്തതിനാൽ കണക്കാക്കപ്പെട്ട 31.03.2018 പ്രകാരമുള്ള ജനറൽ ഫണ്ട് പൊസിഷന്റെ കൃത്യത ഉറപ്പ വരുത്താൻ സാധിച്ചിട്ടില്ല. ഷെഡ്യൂൾ ബി-11 പ്രകാരമുള്ള സ്ഥിര ആസ്തികളുടെ മൂല്യം (നാളിതു വരെയുള്ള തെയ്മാന ചെലവുകൾ കുറവു ചെയ്തതിനു ശേഷം) 8591709 രൂപ മാത്രമാണ്.
4. 31.03.2018 പ്രകാരമുള്ള സ്റ്റോക്കുകളുടെയും സ്റ്റോറുകളുടെയും മൂല്യം നിർണ്ണയിച്ച് നിർദ്ദിഷ്ട ഷെഡ്യൂളിൽ (ബി-14) ഉൾപ്പെടുത്തിയിട്ടില്ല.
5. കിട്ടാനുള്ള തുകകൾക്ക് കാലപഴക്കത്തിന്റെ അടിസ്ഥാനത്തിൽ പ്രോവിഷൻ നൽകിയിട്ടില്ല.
6. <u>റീ കൺസിലിയേഷനിലെ പിഴവുകൾ:</u>

   കങ്ങഴ സർവ്വീസ് സഹകരണ ബാങ്കിലെ 02230000059 നമ്പർ എസ്.ബി അക്കൗണ്ടിലെ 31.03.2018 പ്രകാരമുള്ള നീക്കിയിരുപ്പിന്റെ പൊരുത്തപ്പെടുത്തൽ പത്രികയിൽ പഞ്ചായത്തിന് താഴെ പറയുന്ന ചെക്കുകൾ പ്രകാരം ലഭിച്ച തുകകൾ നാളിതുവരെ ക്രെഡിറ്റിൽ വന്നിട്ടില്ലായെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | ചെക്ക് നമ്പർ | തീയതി | തുക |
|---|---|---|---|
| 1 | 837119 | 01.02.2014 | 2500 |
| 2 | 837117 | 01.02.2014 | 1250 |
| 3 | 837136 | 01.02.2014 | 1250 |

പ്രസ്തുത ചെക്കുകൾ യഥാർത്ഥത്തിൽ അക്കൗണ്ടിൽ ക്രഡിറ്റ് വന്നിട്ടുള്ളതാകയാൽ മേൽ സൂചിപ്പിച്ച അക്കൗണ്ടിന്റെ 31.03.18 ലെ ബാങ്ക് ബുക്ക് ബാലൻസായി കാണിച്ചിട്ടുള്ള തുക കൃത്യമല്ലയെന്നും റീകൺസിലിയേഷനിൽ പിഴവുകൾ ഉണ്ടെന്നും വ്യക്തമാണ്. അപാകത പരിഹരിക്കേണ്ടതാണ്.

7. ബി-9 ഷെഡ്യൂൾ പ്രകാരം 350200202 എന്ന അക്കൗണ്ട് കോഡിൽ വാറ്റ് ഇനത്തിൽ 404925 രൂപയും 350200203 എന്ന അക്കൗണ്ട് കോഡിൽ നിർമ്മാണ തൊഴിലാളി ക്ഷേമ നിധിയിനത്തിൽ 220822 രൂപയും ബാധ്യതയായി കാണിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുതയിനങ്ങളിൽ ഇത്രയധികം തുകയുടെ ബാധ്യത നിലവിലില്ലയെന്നാണ് രജിസ്റ്ററുകളുടെ പരിശോധനയിൽ വ്യക്തമായത്. മുൻ വർഷങ്ങളിലെ തെറ്റായ അക്കൗണ്ടിംഗ് മൂലം യഥാർത്ഥത്തിൽ ബാധ്യതയല്ലാത്ത തുകകൾ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടുള്ള അപാകത പരിഹരിക്കേണ്ടതാണ്.
8. ഇൻകം ആന്റ് എക്സ്പെന്റീച്ചർ അക്കൗണ്ടിന് അനുബന്ധമായുള്ള I-14 ഷെഡ്യൂളിൽ (വികേന്ദ്രീകൃതാസൂത്രണ ചെലവുകൾ- ഉൽപാദന മേഖല) അംഗൻവാടി പോഷകാഹാരവുമായി ബന്ധപ്പെട്ട ചെലവുകളും (1130775 രൂപ) ഉൾപ്പെടുത്തി കാണുന്നു. പ്രസ്തുത ചെലവ് ഉൽപ്പാദന മേഖല ചെലവായി പരിഗണിക്കാൻ സാധിക്കില്ല. അപാകത പരിഹരിക്കേണ്ടതാണ്.
9. വസ്തു നികുതിയിനത്തിലെ ഡിമാന്റ്- കളക്ഷൻ തുകകൾ സാംഖ്യ- സഞ്ചയ റിപ്പോർട്ടുകളിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

| ഇനം | സാംഖ്യ പ്രകാരം | സഞ്ചയ പ്രകാരം | വ്യത്യാസം |
|---|---|---|---|
| ഡിമാന്റ് (തൻ വർഷം) | 3827537 | 3827537 | വ്യത്യാസമില്ല |
| ഡിമാന്റ് (കുടിശ്ശിക) | 1819675 | 2382447 | −562772 |

| | | | |
|---|---|---|---|
| കളക്ഷൻ (തൻവർഷം) | 3126127 | 3162282 | -36155 |
| കളക്ഷൻ (കുടിശ്ശിക) | 1809079 | 1804322 | 4757 |

10. തൻവർഷം മൂലധന അക്കൗണ്ടിലേക്ക് 1759072 രൂപ മാറ്റിയിട്ടുണ്ട് (നാളിതു വരെ 8466806 രൂപ). എന്നാൽ തദനുസൃതമായി ആസ്തി രജിസ്റ്ററിൽ പുതുക്കൽ വരുത്തിയതായി കാണുന്നില്ല.
11. റവന്യൂ/മൂലധനച്ചെലവുകളുടെ വർഗ്ഗീകരണത്തിന്റെ കൃത്യതയും മുൻകാല അക്കൗണ്ടിംഗ് ക്രമീകരണങ്ങൾ (Prior Period Items) എന്ന നിലയിൽ നടത്തിയിട്ടുള്ള ക്രമീകരണങ്ങളുടെ കൃത്യതയും ഓഡിറ്റിൽ പരിശോധിച്ച് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

2017-18 വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന അപാകതകൾ പരിഹരിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-13 ഓഡിറ്റ് ഇംപാക്ട്

ഓഡിറ്റ് വേളയിൽ ചൂണ്ടിക്കാട്ടിയതിനെത്തുടർന്ന് അപാകതകൾ പരിഹരിച്ച് തുക തിരികെ ഈടാക്കിയതിന്റെ വിരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ.നം. | വൗച്ചർ നം. തീയതി | ഇന വിവരം | തുക | ചെക്ക് നം, തീയതി | ചെലവു ചെയ്തതിലെ അപാകത | തുക തിരിച്ചടച്ചതിന്റെ വിവരം |
|---|---|---|---|---|---|---|
| 1 | 2170036/ 17.4.17 | ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ.ബി.പ്രദീപ് അവർകൾക്ക് 01/17, 02/17, 03/17, എന്നീ മാസങ്ങളിൽ യാത്രപ്പടി നൽകിയത് | 5720 | 12902/ 17.04.17 | ക്ലാസ് -1 ഓഫീസർക്ക് പരമാവധി നൽകാവുന്ന യാത്രപ്പടി 400/- രൂപ നിരക്കിൽ ആണെന്നിരിക്കെ 520/- രൂപ നിരക്കിൽ നൽകുക വഴി തുക അധികം ചെലവഴിച്ചു. അധികം കൈപ്പറ്റിയ തുക-1320/- രൂപ | 1320 /-രൂപ രസീത് നം-118010102325/ 22.10.18 |
| 2 | 21700133/ 30.05.17 | മഴക്കാല പൂർവ്വശുചീകരണ പ്രവർത്തനങ്ങൾക്കായി വാർഡ്തല സാനിട്ടേഷൻ സമിതിയ്ക്ക് കൈമാറുന്നതിനായി നൽകുകയുണ്ടായി. ടി തുക 15 വാർഡുകളിലെ സാനിട്ടേഷൻ സമിതികൾക്ക് കൈമാറുകയും ചെയ്തു. | 65000 | 12923/ 30.05.17 | VI, VIII വാർഡുകളിലെ സാനിട്ടേഷൻ സമിതി കൺവീനർ ശ്രീമതി ലത കെ.യു. ടി തുക പൂർണ്ണമായും പിൻവലിക്കുകയും എന്നാൽ യഥാക്രമം 11,150/- രൂപ 13,500/- രൂപ വീതം ചെലവിടുകയും ചെയ്തു. ചെലവു തുകയിൽ 10000/- രൂപ എൻ.എച്ച്.എം.ഫണ്ടും യഥാക്രമം 1,150/-, 3500/- രൂപ | 3100/- രൂപ രസീത് നം- 118010102320/ 20.10.18 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | പഞ്ചായത്ത് ഫണ്ടുമാണ്. ഈ സാഹചര്യത്തിൽ VI, VIII വാർഡുകൾക്ക ലഭിച്ച 4250/- രൂപ വീതമുള്ള തുകയിൽ നിന്നും ചെലവു തുക കിഴിച്ച് യഥാക്രമം 3100/- രൂപ (VI–ാം വാർഡ്), 750/- രൂപ (VIII–ാം വാർഡ്) ആകെ 3850/- രൂപ തിരികെ ഈടാക്കാൻ നിർദ്ദേശിച്ചു | |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തൊഴിൽനികുതി-അപാകതകൾ

1. ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല

2017–18 വർഷത്തെ തൊഴിൽനികുതി സംബന്ധിച്ച രേഖകളും രജിസ്റ്ററും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

| സ്ഥാപനം | നികുതി ഒടുക്കാത്ത അർദ്ധവർഷം |
|---|---|
| കോനാട്ട് ഏജൻസീസ് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| സപ്ലൈകോ സൂപ്പർ മാർക്കറ്റ് | രണ്ടാം അർദ്ധവർഷം |
| ക്ഷീരോത്പാദക സംഘം പത്തനാട് | രണ്ടാം അർദ്ധവർഷം |
| സാൽവേഷൻആർമി മെഡിക്കൽ സെന്റർ, മുണ്ടത്താനം | ഒന്നാം അർദ്ധവർഷം |

2. സ്ഥാപന തൊഴിൽ നികുതി -ഈടാക്കിയിട്ടില്ല

2017–18 വർഷം ചുവടെ ചേർക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

| സ്ഥാപനം | നികുതി ഒടുക്കാത്ത അർദ്ധവർഷം |
|---|---|
| മാവേലി സ്റ്റോർ, പത്തനാട് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| സാൽവേഷൻആർമി മെഡിക്കൽ സെന്റർ. | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| വിവേകാനന്ദസ്കൂൾ, പത്തനാട് | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| ലിറ്റിൽഫ്ളവർ വിദ്യാനികേതൻ | ഒന്നാം അർദ്ധവർഷം |
| ലക്ഷ്മി നേഴ്സിംഗ് ഹോം, കങ്ങഴ | രണ്ടാം അർദ്ധവർഷം |
| ബഥനി ഇംഗ്ലീഷ് മീഡിയം സ്കൂൾ, മുണ്ടത്താനം | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

മേൽ പ്രസ്താവിച്ച സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതും ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി സമയാസമയങ്ങളിൽ

ഇത്തരം വിഷയങ്ങളിൽ പരിശോധന നടത്തേണ്ടതും പഞ്ചായത്തിന് നികുതി നഷ്ടം സംഭവിക്കുന്നില്ലെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 2-2 ചീഫ് ടൗൺ പ്ലാനറുടെ നിർദ്ദേശം പാലിക്കാതെ നിർമ്മാണം നടത്തിയ കെട്ടിടം റഗുലറൈസ് ചെയ്തു നല്കി

പഞ്ചായത്ത് പ്രദേശത്ത് ശ്രീ ജോയി തോമസ്, മാർഗ്രിഗോറിയോസ് മെമ്മോറിയൽ എഡ്യൂക്കേഷണൽ ആന്റ് ചാരിറ്റബിൾ ട്രസ്റ്റിന്റെ ഉടമസ്ഥതയിൽ ആരംഭിച്ചിട്ടുള്ള പോളിടെക്നിക് കെട്ടിടത്തിന് പെർമിറ്റ് എടുക്കാതെ കെട്ടിടം പണിയുകയും പിന്നീട് A5-253/17 തീ18.1.2017 നമ്പർ പ്രകാരം ക്രമീകരിച്ച് നല്കുകയും ചെയ്തിട്ടുണ്ട്. ഇതിന് 5-733/17 തീയതി പ്രകാരം 27/2/17 ൽ നികുതി നിർണ്ണയിക്കുകയും ചെയ്തു. കെട്ടിടത്തിന് തുടർ നിലകൾ പണിയുന്നതിന് A5-625/18 തീയതി 24.5.2018 പ്രകാരം പെർമിറ്റ് നല്കുകയും ചെയ്തിട്ടുണ്ട്. ചീഫ് ടൗൺ പ്ലാനറുടെ 3/2/17 ലെ സി3/968/2017/D.Dis ഉത്തരവ് പ്രകാരം കട്ടിംഗ്/ഫില്ലിംഗ് ആവശ്യമായി വരുകയാണെങ്കിൽ ബന്ധപ്പെട്ട വകുപ്പുകളുടെ അംഗീകാരം വാങ്ങണമെന്നും ഖര/ദ്രവ മാലിന്യസംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. 2500 ച.മീ മുകളിലുള്ള കെട്ടിടങ്ങൾക്ക് ഖര/ദ്രവ മാലിന്യസംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിരിക്കണമെന്ന് പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലും നിർദ്ദേശമുണ്ട്. ഓഡിറ്റ് ടീം സ്ഥലം ഭൗതിക പരിശോധന നടത്തിയതിൽ ഖര/ദ്രവ മാലിന്യസംസ്കരണത്തിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടില്ലെന്ന് വ്യക്തമായി. കൂടാതെ സമീപ പ്രദേശത്ത് നടക്കുന്ന ഭൂവികസന പ്രവർത്തനങ്ങൾക്ക് പഞ്ചായത്ത് അനുമതി നല്കിയിട്ടുള്ളതായും കാണുന്നില്ല. പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളും, ചീഫ് ടൗൺ പ്ലാനറുടെ 3/2/17 ലെ സി.3/968/2017/D.Dis ഉത്തരവും പാലിക്കാതെ നിർമ്മാണം നടത്തിയ കെട്ടിടം റഗുലറൈസ് ചെയ്ത പഞ്ചായത്തിന്റെ നടപടി ക്രമപ്രകാരമല്ല. മേൽപ്പറഞ്ഞ ചട്ടങ്ങളും ഉത്തരവും പാലിച്ചാണ് കെട്ടിടനിർമ്മാണം പൂർത്തീകരിക്കുന്നതെന്ന് ഉറപ്പു വരുത്തേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 2-3 ഇ-ടെണ്ടർ ഫാറവില പഞ്ചായത്തിന് ലഭിക്കുന്നില്ല

2016-17 മുതൽ 5 ലക്ഷത്തിന് മുകളിലുള്ള മരാമത്ത് പ്രവൃത്തികളിൽ ഇ-ടെണ്ടർ നിർബന്ധമാക്കിയിട്ടുണ്ട്. ഇ-ടെണ്ടറുകളിൽ ഫാറവില എക്സിക്യൂട്ടിവ് എഞ്ചിനീയർ, കോട്ടയം ജില്ലാപഞ്ചായത്തിന്റെ പേരിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിക്കുന്നത്. പഞ്ചായത്തിൽ നിന്നും ഡിമാന്റ് ചെയ്യുന്ന മുറക്ക് തുക പഞ്ചായത്തിന് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത് നല്കുകയാണ് ചെയ്യുന്നത്. എന്നാൽ ഇ-ടെണ്ടർ ഫാറവില പ്രത്യേകമായി കണക്കാക്കി ഡിമാന്റ് ചെയ്യുന്ന രീതി പഞ്ചായത്തിൽ നടപ്പായിട്ടില്ല. ഫയലുകൾ പ്രകാരം 2016-17 മുതൽ ഈ ഇനത്തിൽ പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | പ്രോജക്ട്/ അടങ്കൽ | ലഭിച്ച ടെണ്ടറുകൾ/വില | ആകെ പഞ്ചായത്തിന് ലഭിക്കാനുള്ള തുക |
|---|---|---|---|
| 1 | ഇടയിരിക്കപ്പുഴ-മണ്ണുംപുരയിടം റോഡ് 58/18, 1050000/- | 3@2260 | 6780/- |
| 2 | കുനംവേങ്ങ -പതിപ്പലം റോഡ് 110/18, 799618/- | 1@1680 | 1680/- |
| 3 | കോവൂർ-പാലക്കൽ 52/18 950706/- | 3@1902 | 5706/- |
| 4 | കാവറുകണ്ണി-അഞ്ചാനി റോഡ് 63/18,1144018 | 4@2288 | 9152/- |
| 5 | പയ്യമ്പള്ളി-പൊട്ടങ്കൽ റോഡ് 72/18 450537 | 3@1070 | 3210/- |

| | | | |
|---|---|---|---|
| 6 | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ 117/18,849803 | 1@2000 | 2000 |
| | ആകെ | | 28528 |

മേൽ പറഞ്ഞ ഫയലുകൾ പരിശോധിച്ച് ടെണ്ടർഫാറവില നികുതി സഹിതം കണക്കാക്കി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിലും,പ്രവൃത്തിയുടെ മേൽനോട്ടം നടത്തുന്നതിലും അളവ് രേഖപ്പെടുത്തുന്നതിലും അപാകത-പഞ്ചായത്തിന് ധനനഷ്ടം

| | |
|---|---|
| പ്രോജക്ട്/പ്രോജക്ട് നമ്പർ | പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ നവീകരണം-117/18 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |
| അടങ്കൽ | 850000/-(വികസനഫണ്ട് ജനറൽ) |
| കരാറുകാരൻ | മുഹമ്മദ് ഹാരിസ് |
| ചെലവ് | 671295/-(കരാറുകാരന് SIB0103053000009373 അക്കൗണ്ടിൽ നല്കി)<br>വെൽഫയർ ഫണ്ട് 6850/-, ഐ.റ്റി 6850/-, ആകെ 684995/- |
| അളവു പുസ്തകം | 44/17-18,49/17-18 |
| എഗ്രിമെന്റ് നമ്പർ | 37/എ.ഇ/എൽ.എസ്.ജി.ഡി/17-18 തീ 27-1-18 |

നിലവിലുള്ള കമ്മ്യൂണിറ്റി ഹാൾ ഇടഭിത്തി കെട്ടി തിരിച്ച് കൗൺസിൽ ഹാൾ നിർമ്മിക്കുകയും പഞ്ചായത്ത് ഓഫീസിൽ സ്ഥലസൗകര്യം ഒരുക്കുകയും ചെയ്യുന്നതിനുള്ളതായിരുന്ന പ്രോജക്ട്. പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. എസ്റ്റിമേറ്റിലെ ക്ര.നം 6,7,8 എന്നിവ പ്രകാരം പുതുതായി സ്ഥാപിക്കുന്ന 4 വാതിലുകൾക്കുള്ള ഫ്രയിം നിർമ്മാണം, ഷട്ടർ ഫ്രയിം, ഷട്ടർ പാനൽ എന്നിവയ്ക്കുള്ള തുകയാണ് വകയിരുത്തിയിരിക്കുന്നത്. എന്നാൽ ഇനം 8 ഷട്ടർ പാനലിന് വകയിരുത്തിയിരിക്കുന്നത് പ്രൈസ് സോഫ്റ്റ് വെയർ 50.9.2.1 - 35 എം എം കനമുള്ള ഷട്ടർ ഫ്രയിമിന്റെ നിരക്കാണ്. ഷട്ടർ പാനലിന് നൽകേണ്ടത് (ആഞ്ഞിലിത്തടി)പ്രൈസ് സോഫ്റ്റ് വെയർ 50.9.4.1 പ്രകാരമുള്ള നിരക്കാണ്. അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11) മറുപടി നല്കിയില്ല. എസ്റ്റിമേറ്റിലെ അപാകതമൂലം അധികം നല്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| ഇനം 8 ഷട്ടർ പാനലിന് പകരം പ്രൈസ് സോഫ്റ്റ് വെയർ 50.9.2.1 പ്രകാരം നല്കിയ 35 എം എം കനമുള്ള ഷട്ടർ ഫ്രയിമിന്റെ നിരക്ക് അനുസരിച്ച് 3.08ച.മീ നല്കിയത് @2850/ച.മീ | 8778.00 |
| ഇനം 8 ഷട്ടർ പാനലിന് പ്രൈസ് സോഫ്റ്റ് വെയർ 50.9.4.1 പ്രകാരം നല്കാവുന്ന നിരക്ക് അനുസരിച്ച് 3.08ച.മീ നല്കാവുന്നത് @2477/ച.മീ<br>(ടെണ്ടർ കുറവ് പരിഗണിക്കാൻ കഴിഞ്ഞിട്ടില്ല) | 7629.16 |
| അധികം നല്കിയത് | 1148.84<br>1149<br>(റൗണ്ടഡ്) |

2. ഇനം11 പ്രകാരം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തുകയും, ടെണ്ടർ ചെയ്ത് കരാറുകാരനുമായി എഗ്രിമെന്റ് വച്ചിരിക്കുന്നതും ഡി.എസ്.ആർ 12.52.4 അനുസരിച്ചുള്ള Gypsum Tiles Fully Perforated Square edge of Size

595x595 mm and 12.5 mm thick ജിപ്സംടൈൽ ഉപയോഗിച്ചുള്ള ഫാൾസ് സീലിംഗ് ആണ്. ഇന്റർ ലോക്കിംഗ് സംവിധാനമുള്ള ടൈലുകളിൽ ജോയിന്റ് ഫില്ലർ, പെയിന്റിംഗ് എന്നിവ ആവശ്യമില്ല.കൂടാതെ NRC (Noise Reduction Coefficient) of 0.79 പാലിക്കുന്ന ജിപ്സം ടൈലുകളുമായിരിക്കണം. എന്നാൽ പരിശോധനയിൽ ഡി.എസ്.ആർ 12.45.1 പ്രകാരമുള്ള 12.5 mm thick tapered edge gypsum plain board ഉപയോഗിച്ചുള്ള സീലിംഗ് ആണ് നടത്തിയിട്ടുള്ളത് എന്ന് കാണുന്നു. ഇതിന് ജോയിന്റ് ഫില്ലർ, പ്രൈമർ തുടങ്ങിയവക്കുള്ള തുകയും ഡാറ്റാ പ്രകാരം നിരക്കിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ പെയിന്റിംഗിന് നിരക്ക് വേറേ നല്കാവുന്നതുമാണ്. തയ്യാറാക്കിയിട്ടുള്ള എസ്റ്റിമേറ്റിൽ സീലിംഗിന് പാരിസ് പുട്ടി ഇടുന്നതിന് ഇനം 10 പ്രകാരവും സിമന്റ് പ്രൈമർ ഇടുന്നതിന് ഇനം 13 പ്രകാരവും എമൽഷൻ പെയിന്റ് അടിക്കുന്നതിന് ഇനം 14 പ്രകാരവും തുക വകയിരുത്തിയിട്ടുണ്ട്. ഇതിൽ നിന്നും എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ള സ്പെസിഫിക്കേഷൻ പ്രകാരമുള്ള പ്രവൃത്തിയല്ല ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാണ്. അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11) മറുപടിയായി 12.45.3 പ്രകാരമുള്ള 12.5 mm thick tapered edge gypsum moisture resistant board ഉപയോഗിച്ചുള്ള സീലിംഗ് ആണ് നടത്തിയിട്ടുള്ളത് എന്ന് മറുപടി നല്കിയിട്ടുണ്ട്. സാങ്കേതിക അനുമതി ലഭിച്ച പ്രവൃത്തിയിൽ നിന്നു വ്യത്യസ്തമായി പ്രവൃത്തി ചെയ്യുമ്പോൾ മരാമത്ത് ചട്ടങ്ങൾ പാലിക്കാതിരുന്നതും ഭരണസമിതിയുടെ അംഗീകാരം രേഖാമൂലം വാങ്ങാതിരുന്നതും ക്രമവിരുദ്ധമാണ്. (കരാറുകാരൻ ഇ-ടെണ്ടറിൽ 800/- രൂപ രേഖപ്പെടുത്തിയിരുന്നത് നെഗോസ്യേഷൻ സമയത്ത് 1500/- രൂപ ആയി വർദ്ധിപ്പിക്കുകയും മറ്റിനങ്ങളിൽ നിരക്ക് കുറച്ച് എസ്റ്റിമേറ്റ് നിരക്കിൽ കുറവ് വരുത്തി കരാർ നേടിയെടുത്തതിലും അവ്യക്തതയുണ്ട്). അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടി പരിഗണിച്ചാൽ ഈ ഇനത്തിൽ കരാറുകാരന് അധികം നല്കിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| അളവു പുസ്തക പ്രകാരം സീലിംഗിന് നല്കിയ തുക<br>(ഡി.എസ്.ആർ 12.52.4 അനുസരിച്ചുള്ള Gypsum Tiles Fully Perforated Square edge of Size 595x595 mm and 12.5 mm thickജിപ്സംടൈൽ ഉപയോഗിച്ചുള്ള ഫാൾസ് സീലിംഗ്) 173.001ച.മീ@1500/ച.മീ | 259501.50 |
| യഥാർത്ഥത്തിൽ ചെയ്ത പ്രവൃത്തിക്ക് നല്കാവുന്ന തുക<br>(ഡി.എസ്.ആർ 12.45.3 പ്രകാരമുള്ള 12.5 mm thick tapered edge gypsum moisture resistant board ഉപയോഗിച്ചുള്ള സീലിംഗ്)173.001@1447.00 | 250332.00 |
| കരാറുകാരന് അധികം നല്കിയത്<br>(ടെണ്ടർ കുറവ് പരിഗണിക്കാൻ കഴിഞ്ഞിട്ടില്ല) | 9169.50 |

(മേൽ പറഞ്ഞ ഇനങ്ങളുടെ ഡാറ്റാ ത.സ്വ.ഭ.വകുപ്പിന് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് വികസിപ്പിച്ചിട്ടുള്ള പ്രൈസ് സോഫ്റ്റ് വെയറിൽ ലഭ്യമായതിനാൽ വിശദമായ ഡാറ്റാ ഉൾപ്പെടുത്തിയിട്ടില്ല)

3. ഇനം 13 ആയി ചെയ്തിട്ടുള്ളത് 407.29ച.മീ സിമന്റ് പ്രൈമറിന്റെ ഉപയോഗമാണ് .ഇതിന് ച.മീ55.79നിരക്ക് പ്രകാരം 22400/- രൂപ ചെലവഴിച്ചിട്ടുണ്ട് .യഥാർത്ഥത്തിൽ ചെയ്ത സീലിംഗ് പ്രവൃത്തിക്ക് സ്പെസിഫിക്കേഷൻ പ്രകാരം പ്രൈമർ ഉപയോഗിക്കുന്നതിനുള്ള തുക കൂടി ഉൾപ്പെടുത്തിയാണ് നിരക്ക് തയ്യാറാക്കിയിട്ടുള്ളത് ആയതിനാൽ സീലിംഗ് പ്രവൃത്തിക്ക് പ്രത്യേകം തുക നല്കേണ്ടതില്ല. അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11) മറുപടിയായി സീലിംഗിന് ജോയിന്റ് ഫില്ലർ അടിച്ചതിന് ശേഷം പ്രൈമർ അടിക്കുകയും പുട്ടി ഇട്ടതിന് ശേഷം വീണ്ടും പ്രൈമർ അടിച്ചു എന്ന മറുപടിയാണ് നല്കിയിരിക്കുന്നത് . എന്നാൽ അളവു പുസ്തകത്തിൽ ഒരുതവണ സീലിംഗിന് പ്രൈമർ ഉപയോഗിച്ചതിന്റെ അളവ് മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ആയതിനാൽ മറുപടി അംഗീകരിക്കാവുന്നതല്ല. അളവുപുസ്തക പ്രകാരമുള്ള പ്രവൃത്തിയുടെ വിവരം (പേജ്23 44/17-18) ചുവടെ ചേർക്കുന്നു.

| | |
|---|---|
| 7.12x6.5 | 46.28 |
| 7.02x6.5 | 45.63 |

| | |
|---|---|
| 2.7x3.2 | 6.62 |
| 4x1.35x3.2 | 17.28 |
| 2x5.5x1.73 | 19.03 |
| 7.27x3 | 21.81 |
| 6.87x3 | 20.61 |
| 6.5x3.2 | 21.45 |
| ആകെ | 198.71ച.മീ |

198.71ച.മീന് നല്കിയ തുക @55=10929.05 രൂപയാണ്.സീലിംഗിനുള്ള നിരക്കിൽ ഈ തുകയും ഉൾപ്പെട്ടിട്ടുള്ളതിനാൽ 10929.05 രൂപ കരാറുകാരൻ നല്കിയത് അനുവദനീയമല്ല. ആകെ നഷ്ടം 21247.50 രൂപ (1149+9169.5+10929)

മേൽ പറഞ്ഞവയിൽ ഇനം 2 പ്രകാരമുള്ള നഷ്ടം 9169.50/-രൂപ എസ്റ്റിമേറ്റിൽ നിന്നു വിഭിന്നമായ പ്രവൃത്തി കരാറുകാരൻ ചെയ്തപ്പോൾ മേലുദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്താതിരുന്ന ഓവർസിയർ, അളവുരേഖപ്പെടുത്തുകയും കരാറുകാരന് തുക നല്കുകയും ചെയ്ത അസിസ്റ്റന്റ് എഞ്ചിനീയർ, ചെക്ക് മെഷർ ചെയ്ത അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്. ഇനം1.3 എന്നിവ പ്രകാരമുള്ള നഷ്ടം 12078/- എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ, എസ്റ്റിമേറ്റ് അംഗീകരിച്ച അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-2 തനത് ഫണ്ട് വൗച്ചറുകളുടെ പരിശോധനയിൽ കണ്ട അപാകതകൾ.

ചുവടെ ചേർത്തിരിക്കുന്ന വൗച്ചറുകൾ പ്രകാരമുള്ള ചെലവുകൾ അവയ്ക്കു നേരെ പരാമർശിച്ചിട്ടുള്ള അപാകതകളാൽ തടസ്സപ്പെടുത്തുന്നു.

| ക്രമ.നം. | വൗച്ചർ നം. തീയതി | ഇന വിവരം | തുക | ചെക്ക് നം, തീയതി | ചെലവു ചെയ്തതിലെ അപാകത |
|---|---|---|---|---|---|
| 1 | 21700545/24.10.17 | കുനംവേങ്ങ-ഗണപതിച്ചിറ ഭാഗത്ത് പോസ്റ്റ് മാറിയിടുന്നതിന് കെ.എസ്.ഇ.ബിയ്ക്ക് നൽകിയ തുക | 10838 | 13646/23.10.17 | 1) പ്രവൃത്തി നിർവ്വഹിച്ചതിന്റെ രേഖകൾ ലഭ്യമല്ല.<br>2) വൗച്ചർ തയ്യാറാക്കുന്നതിന് മുൻപ് ചെക്ക് നൽകി. ചെക്ക് തീയതി 23.10.17, വൗച്ചർ തീയതി 24.10.17 |
| 2 | 21700756/30.01.18 | വാട്ടർ അതോറിറ്റിയ്ക്ക് വാട്ടർ ചാർജ്ജ് ഇനത്തിൽ ഒടുക്കിയ തുക | 67375 | 198169/29.01.18 | വാട്ടർ അതോറിറ്റിയിൽ നിന്നുള്ള കൈപ്പറ്റ് രസീത് ലഭ്യമല്ല |
| 3 | 21701059/31.03.18 | വെള്ളക്കരം വാട്ടർ അതോറിറ്റിയ്ക്ക് ഒടുക്കിയത് | 67375 | 13715/31.03.18 | വാട്ടർ അതോറിറ്റിയിൽ നിന്നുള്ള അസ്സൽ രസീത് ഫയലിലില്ല |

| | | | | | |
|---|---|---|---|---|---|
| 4 | 21700601/13.11.17 | റിട്ടയർ ചെയ്ത സെക്രട്ടറി ശ്രീമതി രമാദേവിയ്ക്ക് 10/05 മുതൽ 02/16 വരെയുള്ള കാലയളവിലെ യാത്രപ്പടി | 7095 | 198148/11.11.18 | 1) ശ്രീമതി രമാദേവി യാത്രപ്പടിയ്ക്ക് അവകാശവാദം ഉന്നയിച്ച് ടൂർഡയറി ഹാജരാക്കിയിട്ടില്ല.<br>2) ഒരു വർഷത്തിനു ശേഷമുള്ള അവകാശവാദം കെ.എസ്.ആർ. പാർട്ട്-4 പ്രകാരം അനുവദനീയമല്ല.<br>3) യാത്രപ്പടി പഞ്ചായത്ത് കമ്മിറ്റി അനുവദിച്ചതിന്റെ രേഖകളില്ല.<br>4) യാത്രപ്പടി ബില്ലും, ഹാജർ പുസ്തകവും പരിശോധിച്ചതിൽ യാത്രാദിവസങ്ങളായി കാണിച്ചിരിക്കുന്ന ദിവസങ്ങൾ അവധി ദിവസങ്ങളോ ഓഫീസിൽ ഹാജരായ ദിവസങ്ങളോ ആണ്. ഉദാ. 28.10.17 ഓഫീസിൽ, 01.11.17 അവധി ദിവസം |
| | | ആകെ | 152683/- | | |

## 3-3 ഗുണഭോക്തൃസമിതി കൺവീനർക്ക് പ്രവൃത്തി -ഓവർഹെഡ് ചാർജ്ജിനത്തിൽ **16099/-** രൂപ നല്കി

| | |
|---|---|
| പ്രോജക്ടിന്റെ പേര്/പ്രോജക്ട് നം | പീലിയാനിക്കൽ -മേച്ചേരിവയൽ നടപ്പാത കോൺക്രീറ്റിംഗ്-95/18 |
| അടങ്കൽ | 265000/-<br>(വികസന ഫണ്ട്- ധനകാര്യ കമ്മിഷൻ ഗ്രാന്റ്) |
| ചെലവ് | 229982 |
| കൺവീനർ | പി.ഡി.ചാക്കോ |
| എഗ്രിമെന്റ് നം | 42/AE/LSGD/ KA/16-17/3.3.17 |
| എം, ബുക്ക് നം | 42/17-18 |
| കൺവീനർക്ക് തുക കൊടുത്തതിന്റെ വിവരം | SBI 67397051115 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

ഗുണഭോക്തൃസമിതി ചെയ്യുന്ന പ്രവൃത്തികളിൽ 10% ഓവർഹെഡ് ചാർജ്ജ് ഉൾപ്പെടുത്തിയാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് 1/7/17 മുതൽ ജി.എസ്.ടി നിലവിൽ വരുകയും.സ.ഉ.(അച്ചടി) 87/17 ത.സ്വ.ഭ.വ 1.11.17 പ്രകാരം മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ജി.എസ്.ടി കിഴിവ് ചെയ്യുന്നത് ജി.എസ്.ടി കൗൺസിൽ താല്ക്കാലികമായി ഒഴിവാക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ നികുതി ഇനത്തിൽ 3% തുക കൺവീനറിൽ നിന്നും ഈടാക്കുകയും 7% കുറച്ചുള്ള തുക പിൻവലിക്കുകയുമായിരുന്നു ചെയ്യേണ്ടിയിരുന്നത് .(കൺവീനർക്ക്

യഥാർത്ഥ ചെലവിന് മാത്രമേ അർഹതയുള്ളൂ .ഓവർഹെഡ് ചാർജ്ജിന് അർഹതയില്ല). ഓവർഹെഡ് ചാർജ്ജിനത്തിൽ10% എസ്റ്റിമേറ്റിൽ വകയിരുത്തിയിട്ടുള്ള തുക പിൻവലിക്കുകയും 3% നികുതി കിഴിച്ചുള്ള തുക കൺവീനർക്ക് നല്കുകയും ചെയ്തപ്പോൾ ഓവർഹെഡ് ചാർജിനത്തിൽ 7% അനർഹമായി കൺവീനർക്ക് നല്കിയിട്ടുണ്ട് .വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | നല്കിയത് | നല്കേണ്ടത് |
|---|---|---|
| ആകെ വേലമൂല്യം | 229982 | 229982 |
| എസ്റ്റിമേറ്റിൽ അധികം വകയിരുത്തിയ 7% കുറക്കുക | - | 16099 |
| പിൻവലിക്കേണ്ട തുക | | 213883 |
| കുറയ്ക്കുക-ഐ.ടി (2%) | 4600 | 4600 |
| KBOCWWF (1%) | 2300 | 2300 |
| കൺവീനർക്കുള്ള തുക | 223082 | 206983 |

ഇപ്രകാരം 16099/-രൂപ (223082-206983) കൺവീനർക്ക് അനർഹമായി നല്കിയതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടു നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 6) മറുപടി ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ കൺവീനർക്ക് അധികം നൽകിയ 16,099/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാർക്ക് നിയമാനുസൃതമല്ലാത്ത ഇളവുകൾ അനുവദിക്കുന്നു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മരാമത്തു പ്രവൃത്തികളിൽ 2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ ബാധകമാക്കിയിട്ടുണ്ട്. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നുണ്ട് എന്നുറപ്പിക്കുന്നതിന് വ്യക്തമായ നിബന്ധനകളാണ് മാന്വലിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മാന്വൽ ഖ.2112 പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണങ്ങളാൽ പ്രവൃത്തി തടസ്സപ്പെട്ടാൽ പിഴ കൂടാതെ പൂർത്തീകരണ സമയത്തിന്റെ 50% കൂടി അനുവദിക്കാവുന്നതാണ്. കരാറുകാരന്റെ പിഴവുമൂലം ദീർഘിപ്പിക്കേണ്ടിവരുമ്പോൾ പിഴ ഈടാക്കി (പരമാവധി 50%) ദീർഘീകരണം അനുവദിക്കാവുന്നതാണ്. 2017-18 പഞ്ചായത്തിൽ നടപ്പാക്കിയ താഴെ പറയുന്ന പ്രവൃത്തികൾ നിയമാനുസൃതമുള്ള സമയപരിധിയിൽ പൂർത്തീകരിക്കാതെ വന്നപ്പോൾ എഞ്ചിനീയറിംഗ് വിഭാഗം മാന്വൽ പരിഗണിക്കാതെ ചെറിയ തുക ഈടാക്കി കരാറുകാരൻ നിയമാനുസൃതമല്ലാത്ത സഹായം ചെയ്തിട്ടുള്ളതായി കാണുന്നു.

| | | | |
|---|---|---|---|
| 1 | പ്രോജക്ട് /പ്രോജക്ട് നമ്പർ | ചിറക്കുന്നേൽ-ഓറ്റപ്ലാക്കൽ റോഡ്-100/18 | |
| | അടങ്കൽ | 244295/- മെയിന്റനൻസ് ഗ്രാന്റ് റോഡ് | |
| | കരാറുകാരൻ | ജോർജ്കുട്ടി ദേവസ്യ | |
| | എഗ്രിമെന്റ് നം /തീയതി | 32/AE/LSGD/KA/16-17-10/2/17 | |
| | സെലക്ഷന് നോട്ടീസ് | 31/01/17 | |
| | സൈറ്റ് ഏറ്റെടുക്കേണ്ടത് | 19/2/17 (എഗ്രിമെന്റ് വച്ച് 10 ദിവസം) | |
| | പ്രവൃർത്തി പൂർത്തിയാക്കേണ്ടത് | 18/06/17 (4മാസം) | |

| | | | |
|---|---|---|---|
| | പരമാവധി ദീർഘീകരണം | 17/08/17 (കരാറുകാരന്റെ അപേക്ഷ പ്രകാരം പിഴ കൂടാതെ) | |
| | പൂർത്തിയാക്കിയത് | 30/11/17 | |
| | ഈടാക്കിയ പിഴ | 2000/- | |
| | ഈടാക്കേണ്ടത് | 16/9/17 വരെ 1% 2443/-<br>16/10/17 വരെ 2% 4886/-<br>ആകെ 7329/- | |
| | | കുറവ് (7329-2000) | 5329 |
| 2 | പ്രോജക്ട് /പ്രോജക്ട് നമ്പർ | ശ്രായിപ്പള്ളി -എബ്രാണ്ടിപ്പടി-99/18 | |
| | അടങ്കൽ | 300899/- | |
| | കരാറുകാരൻ | ജോർജ്കുട്ടി ദേവസ്യ | |
| | എഗ്രിമെന്റ് നം /തീയതി | 33/AE/LSGD/KA/16-17-10/2/17 | |
| | സെലക്ഷന് നോട്ടീസ് | 31/01/17 | |
| | സൈറ്റ് ഏറ്റെടുക്കേണ്ടത് | 19/2/17(എഗ്രിമെന്റ് വച്ച് 10ദിവസം) | |
| | പ്രവൃർത്തി പൂർത്തിയാക്കേണ്ടത് | 18/06/17(4മാസം) | |
| | പരമാവധി ദീർഘീകരണം | 17/08/17 (കരാറുകാരന്റെ അപേക്ഷ പ്രകാരം പിഴ കൂടാതെ) | |
| | പൂർത്തിയാക്കിയത് | 30/11/17 | |
| | ഈടാക്കിയ പിഴ | 2000/- | |
| | ഈടാക്കേണ്ടത് | 16/9/17 വരെ 1% 3009/-<br>16/10/17 വരെ 2% 6018<br>ആകെ 9027/- | |
| | | കുറവ് (9027-2000) | 7027 |
| 3 | പ്രോജക്ട് /പ്രോജക്ട് നമ്പർ | കടയനിക്കാട് -പള്ളിപ്പടി-97/18 | |
| | അടങ്കൽ | 224500/- | |

| | | | |
|---|---|---|---|
| | കരാറുകാരൻ | ബാബു സബാസ്റ്റ്യൻ | |
| | എഗ്രിമെന്റ് നം /തീയതി | 30/AE/LSGD/KA/16-17-10/2/17 | |
| | സെലക്ഷന് നോട്ടീസ് | 31/01/17 | |
| | സൈറ്റ് ഏറ്റെടുക്കേണ്ടത് | 19/2/17(എഗ്രിമെന്റ് വച്ച് 10ദിവസം) | |
| | പ്രവൃർത്തി പൂർത്തിയാക്കേണ്ടത് | 18/06/17(4മാസം) | |
| | പരമാവധി ദീർഘീകരണം | 17/08/17(കരാറുകാരന്റെ അപേക്ഷ പ്രകാരം പിഴ കൂടാതെ) | |
| | പൂർത്തിയാക്കിയത് | 01/01/18 | |
| | ഈടാക്കിയ പിഴ | 2000/- | |
| | ഈടാക്കേണ്ടത് | 16/9/17 വരെ 1% 2245/-<br>16/10/17 വരെ 2% 4490<br>ആകെ 6735/- | |
| | | കുറവ് (6735-2000) | 4735 |
| 4 | പ്രോജക്ട് /പ്രോജക്ട് നമ്പർ | കോവൂർ-പാലക്കൽ-98/18 | |
| | അടങ്കൽ | 336040/- | |
| | കരാറുകാരൻ | ജോർജ്കുട്ടി ദേവസ്യ | |
| | എഗ്രിമെന്റ് നം /തീയതി | 31/AE/LSGD/KA/16-17-10/2/17 | |
| | സെലക്ഷന് നോട്ടീസ് | 31/01/17 | |
| | സൈറ്റ് ഏറ്റെടുക്കേണ്ടത് | 19/2/17(എഗ്രിമെന്റ് വച്ച് 10ദിവസം) | |
| | പ്രവൃർത്തി പൂർത്തിയാക്കേണ്ടത് | 18/06/17(4മാസം) | |
| | പരമാവധി ദീർഘീകരണം | 17/08/17 (കരാറുകാരന്റെ അപേക്ഷ പ്രകാരം പിഴ കൂടാതെ) | |
| | പൂർത്തിയാക്കിയത് | 28/02/18 | |
| | ഈടാക്കിയ പിഴ | 2000/- | |

| | | | |
|---|---|---|---|
| | ഈടാക്കേണ്ടത് | 16/9/17 വരെ 1% 3360/-<br>16/10/17 വരെ 2% 6720<br>ആകെ 10080/- | |
| | | കുറവ് (10080-2000) | 8080/- |
| 5 | പ്രോജക്ട്/ പ്രോജക്ട് നമ്പർ | കുനംവേങ്ങ-പതിപ്പലം റോഡ്-110/18 | |
| | അടങ്കൽ | 799618/- | |
| | കരാറുകാരൻ | ജോർജ്കുട്ടി ദേവസ്യ | |
| | എഗ്രിമെന്റ് നം /തീയതി | 48/AE/LSGD/KA/16-17-29/3/17 | |
| | സെലക്ഷന് നോട്ടീസ് | 20/03/17 | |
| | സൈറ്റ് ഏറ്റെടുക്കേണ്ടത് | 8/4/17 (എഗ്രിമെന്റ് വച്ച് 10ദിവസം) | |
| | പ്രവൃത്തി പൂർത്തിയാക്കേണ്ടത് | 7/8/17 (4മാസം) | |
| | പരമാവധി ദീർഘീകരണം | 6/10/17 (കരാറുകാരന്റെ അപേക്ഷ പ്രകാരം പിഴ കൂടാതെ) | |
| | പൂർത്തിയാക്കിയത് | 26/03/18 | |
| | ഈടാക്കിയ പിഴ | 2000/- | |
| | ഈടാക്കേണ്ടത് | 5/11/17 വരെ 1% 7996/-<br>5/12/17 വരെ 2% 15992<br>ആകെ 23988/- | |
| | | കുറവ് (23988-2000) | 21988 |
| | ആകെ കുറവ് | | 47159 |

അപാകതയിലുള്ള വിശദീകരണം ആവശ്യപ്പെട്ട് നല്കിയ അന്വേഷണക്കുറിപ്പിന്, (നം.7/17.10.2018) പ്രവൃത്തി യഥാസമയം പൂർത്തീകരിക്കാതിരുന്നത് കരാറുകാരുടെ കുഴപ്പം കൊണ്ടല്ല എന്ന് അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി നലകിയിട്ടുണ്ട്. കരാറുകാരുടെ അപേക്ഷ പരിഗണിച്ച് പിഴ ഇല്ലാതെ പരമാവധി നല്കാവുന്ന ദീർഘീകരണം കൂടി പരിഗണിച്ചാണ് പരാമർശം ഉൾപ്പെടുത്തിയിരിക്കുന്നത്. പൊതുമരാമത്ത് മാന്വൽ പ്രകാരം പ്രവൃത്തികളുടെ സത്ത യഥാസമയമുള്ള പൂർത്തീകരണത്തിലാണ്. ആയതിനാൽ പിഴ ഇനത്തിൽ ഈടാക്കേണ്ടിയിരുന്ന തുക കരാറുകാരനിൽ നിന്നും ഈടാക്കി അടക്കേണ്ടതാണ്.

## 3-5 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

### മഴക്കുഴിനിർമ്മാണം- അപാകത

ഗ്രാമപഞ്ചായത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി വിവിധ വാർഡുകളിൽ 12 പദ്ധതികളിലായി 40179 മഴക്കുഴികൾ നിർമ്മിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നം. | പദ്ധതിയുടെ പേര് | നിർമ്മിച്ച മഴക്കുഴികൾ | എം.ബുക്ക് നം. |
|---|---|---|---|
| I | സ്രായിപ്പള്ളിതടത്തിൽ മഴക്കുഴി വാർഡ്-I | 2964 | 32 |
| III | ചേറ്റേടം നീർത്തടത്തിൽ മഴക്കുഴി | 1617 | 2 |
| III | ചേറ്റേടം നീർത്തടത്തിൽ മഴക്കുഴി | 2946 | 43 |
| IV | ചേറ്റേടം നീർത്തടത്തിൽ മഴക്കുഴി | 2430 | 14 |
| VI | ഇടയരിക്കപ്പുഴ നീർത്തടത്തിൽ മഴക്കുഴി | 4479 | 16 |
| V | ഉള്ളായം നീർത്തടത്തിൽ മഴക്കുഴിനിർമ്മാണം | 3507 | 8 |
| VII | ഇടയരിക്കപ്പുഴ നീർത്തടത്തിൽ മഴക്കുഴി നിർമ്മാണം | 2706 | 3 |
| VIII | ചിറവാലുങ്കൽ നീർത്തടത്തിൽ മഴക്കുഴി നിർമ്മാണം | 4263 | 26 |
| XI | പാലയ്ക്കൽ നീർത്തടത്തിൽ മഴക്കുഴി നിർമ്മാണം | 4476 | 18 |
| X | പാലയ്ക്കൽ നീർത്തടത്തിൽ മഴക്കുഴി നിർമ്മാണം | 3222 | 7 |
| XIV | സ്രായിപ്പള്ളി നീർത്തടം മഴക്കുഴി നിർമ്മാണം | 4026 | 20 |
| XV | നെടുമണ്ണി നീർത്തടം മഴക്കുഴി നിർമ്മാണം | 3543 | 17 |
| ആകെ | | 40179 എണ്ണം | |

മഴക്കുഴി നിർമ്മാണം എർത്ത് വർക്ക് എക്സ്കവേഷൻ എന്ന ശീർഷകത്തിൽ ഉൾപ്പെട്ടിരിക്കുന്നു. തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായ സെക്യുവർ സോഫ്റ്റ്വെയർ തയ്യാറാക്കി നൽകിയിരിക്കുന്നത് 4 ശീർഷകത്തിലുള്ള നിരക്കാണ്.

1) Earth work excavation in ordinary soil and depositing with lead up to 50 m and lift upto 1.5m including heat banking etc Rate 86.43

2) Earth work...............in hard soil..............Rate 161.25

3) Earth work excavation in all classes of soil ordinary soil 60% and hard soil 40% and depositing with lead upto 50 ml lift upto 1.5m including next banking Rate 116.36

4) Earth work excavation in all kinds of soild (ordinary soil 30% and hard soil 70%) and depositing on banks with initial lead upto 50m & lift upto 1.5m including heat banking Rate 138.8

ഇതിൽ കോട്ടയം ജില്ലയിൽ മണ്ണുസംരക്ഷണ വകുപ്പ് അംഗീകരിച്ചിരിക്കുന്നതും ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയിട്ടുള്ള പദ്ധതികളിൽ സ്വീകരിച്ചിരിക്കുന്നതും all kinds of soilന്റെ നിരക്കാണ്.

ഒരു മഴക്കുഴി 2m x .5m x .6m = 6m3 ആണ്. ഈ അളവിൽ all kinds of soilന്റെ മേൽ ശീർഷകം 3 ലെ നിരക്ക് സ്വീകരിച്ചാൽ 116.25/m2 = 69.75 ആണ് ഒരു മഴക്കുഴിയ്ക്ക് നൽകാൻ കഴിയുന്നത്.

ശീർഷകം 4ലെ നിരക്ക് സ്വീകരിച്ചാൽ ഒരു മഴക്കുഴിയ്ക്ക് 83.28 രൂപ (138 x .6 m3)യാണ് നൽകാൻ കഴിയുന്നത്.

എന്നാൽ ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് വിഭാഗം മഴക്കുഴി നിർമ്മാണ പദ്ധതിയ്ക്ക് സ്വീകരിച്ചിരിക്കുന്നത് മേൽ ശീർഷകം 2ലെ എർത്ത് വർക്ക് എക്സ്കവേഷൻ ഇൻ ഹാർഡ്സോയിലിന്റെ നിരക്കാണ്. അതിൻ പ്രകാരം ഒരു മഴക്കുഴിയ്ക്ക്(161.825 x .6m3) 96.78യാണ് നൽകിയിട്ടുള്ളത്. ഇപ്രകാരം ഹാർഡ്സോയിൽ ഇപ്രകാരം പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കാൻ യാതൊരു ഉത്തരവും നിലവിലില്ല.

ശീർഷകം 2 പ്രകാരം നൽകിയ നിരക്കും ശീർഷകം 3 പ്രകാരവും അല്ലെങ്കിൽ ശീർഷകം 4 പ്രകാരവും നൽകാവുന്ന നിരക്കും യഥാക്രമം 27(96.75 – 69.75), 13.47(96.75 – 83.28) ആണ്. ആകെ നിർമ്മിച്ചിരിക്കുന്ന 40179 മഴക്കുഴിയുടെ നിർമ്മാണനഷ്ടം പരിഗണിച്ചാൽ 541211(40179 x 13.47) മുതൽ 1084833(40179 x 27) ആണ്. മണ്ണിന്റെ ഘടനയും നിരക്കിലെ നിർദ്ദേശങ്ങളും പരിഗണിക്കാതെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നിർവ്വഹിച്ച് തുക ചെലവിട്ടതിന് വിശദീകരണം ആവശ്യപ്പെട്ടു നല്കിയ എൻക്വയറിയ്ക്ക് (നം.12/20.10.2018) മണ്ണിന്റെ ഘടന അനുസരിച്ച് തുടർ വർഷങ്ങളിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണെന്ന മറുപടി നല്കി.തുടർ വർഷങ്ങളിൽ സമാന രീതിയിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

## 3-6 വെള്ളക്കരം- വൻതുക കുടിശിക ഡിമാന്റ് ചെയ്യുന്നു.

2017-18 ൽ 154 ടാപ്പുകൾക്ക് 67375 രൂപ പ്രതിമാസം വെള്ളക്കരം ഒടുക്കുന്നതായി വാട്ടർ അതോറിറ്റിയുടെ ബില്ലുകളിൽ നിന്ന് വ്യക്തമാകുന്നു. 2017 ഏപ്രിൽ മാസത്തെ ബിൽ പ്രകാരം കുടിശിക 516720 രൂപയും പിഴ 10161 രൂപയും തൻമാസത്തെ കരം 67375 രൂപയുമാണ് (ആകെ 594256) ഒടുക്കേണ്ടിയിരുന്നത്. തുടർന്നുള്ള മാസങ്ങളിലും കുടിശികയും പിഴയും കാണുന്നു. സെക്രട്ടറി നിർവഹണം നടത്തിയ വാട്ടർ അതോറിറ്റി വെള്ളക്കരമടയ്ക്കൽ വാർഷിക പദ്ധതിയിൽ താഴെ പറഞ്ഞിരിക്കും പ്രകാരം തുക ഒടുക്കിയിട്ടുള്ളതായി കാണുന്നു.

| ബിൽ നം | തുക | തീയതി |
|---|---|---|
| 10/17-18 | 269500 | 18.08.18 |
| 17/17-18 | 134750 | 28.09.18 |
| 20/17-18 | 67375 | 28.10.18 |
| 39/17-18 | 197997 | 27.03.18 |
| തനതുഫണ്ട് | 67375 | പ്രോജക്റ്റ് ഫയലിൽ രേഖകൾ സൂക്ഷിച്ചിട്ടില്ല. |
| ആകെ | 736997 | |

2018 മാർച്ച് മാസത്തെ ബില്ലിലും വൻതുക കുടിശികയും, പിഴയുമുണ്ട്.ഇവ സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറിക്ക് (നം.14/22.10.18) കുടിശിക 9788 രൂപ മാത്രമേ ഉള്ളുവെന്നും, വെള്ളക്കരം ഒടുക്കിയത് വരവ് വയ്ക്കാതെ വൻതുക കുടിശിക ഡിമാന്റ് ചെയ്തുകൊണ്ടുള്ള ബില്ലാണ് പഞ്ചായത്തിനു നൽകുന്നത് എന്നും മറുപടി

നൽകിയിട്ടുണ്ട്. കത്തിടപാടുകളുടെ കോപ്പി ഹാജരാക്കിയിട്ടുണ്ട്. കുടിശികയിൽ കുറവു വരുത്തിയ ബില്ല് നൽകുവാൻ വാട്ടർ അതോറിറ്റി അധികൃതരോട് ആവശ്യപ്പെടേണ്ടതാണ്.

## 3-7 മഴക്കാല ശുചീകരണം--നിർവ്വഹണത്തിലെ വീഴ്ചകളും സുതാര്യതയില്ലായ്മയും

ഗ്രാമപഞ്ചായത്തിലെ 14 വാർഡുകളിലെ മഴക്കാല പൂർവ്വശുചീകരണത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് വാർഡ് ഹെൽത്ത് സാനിട്ടേഷൻ കമ്മിറ്റികളുടെ കൺവീനർമാരുടെ പേർക്ക് താഴെ പ്രതിപാദിയ്ക്കുന്നവിധം ചെക്ക് മുഖാന്തിരം തുക നൽകിയിട്ടുണ്ട്.

| വാർഡ് നം. | ചെക്ക് കൈപ്പറ്റിയ കൺവീനർ | കൈപ്പറ്റിയ ചെക്ക് തുക | ചെക്ക് നം. തീയതി | വൗച്ചർ നം. |
|---|---|---|---|---|
| 1 | ബിജു റ്റി.ആർ. | 9880 | 13254/7.8.17 | 21700338/07.08.17 |
| 2 | അച്ചാമ്മ | 9880 | 13255/07.08.17 | 21700339/07.08.17 |
| 3 | അച്ചാമ്മ | 9880 | 13256/07.08.17 | 21700340/07.08.17 |
| 4 | അനിതാകുമാരി | 9880 | 13257/07.08.17 | 21700341/07.08.17 |
| 6 | ലത കെ.വി. | 10000 | 13258/07.08.17 | 21700342/07.08.17 |
| 7 | ബിജു.റ്റി.ആർ. | 9880 | 13259/07.08.17 | 21700343/07.08.17 |
| 8 | ലത കെ.വി. | 10000 | 13301/07.08.17 | 21700344/07.08.17 |
| 9 | ലിസാമോൾ | 7800 | 13302/07.08.17 | 21700345/07.08.17 |
| 10 | അനീഷ് ബാബു | 9880 | 13303/07.08.17 | 21700346/07.08.17 |
| 11 | ലിസാമോൾ | 10000 | 13304/07.08.17 | 21700347/07.08.17 |
| 12 | ബിന്ദുമോൾ | 10000 | 13305/07.08.17 | 21700348/07.08.17 |
| 13 | ,, | 10000 | 13306/07.08.17 | 21700349/07.08.17 |
| 14 | അനീഷ് ബാബു | 10000 | 13307/07.08.17 | 21700350/07.08.17 |
| 15 | ,, | 10000 | 13315/07.08.17 | 21700366/07.08.17 |
| ആകെ | | 137080 | | |

പ്രവൃത്തികളുടെ ഫയൽ പരിശോധിച്ചതിൽ നിർവ്വഹണത്തിൽ അപാകതകളും രേഖകളുടെ സുതാര്യമില്ലായ്മയും ശ്രദ്ധയിൽപ്പെട്ടു. അവ താഴെ സംഗ്രഹിക്കുന്നു.

I.ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതായി മസ്റ്റർറോളിൽ ചേർത്തിട്ടുള്ള തൊഴിലാളികൾ അതേ തീയതിയിലും സമയത്തും തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

(1) 10-ാം വാർഡിലെ ശുചീകരണത്തിന്റെ ഭാഗമായി "വടക്കേരോട്ട്-രാമറ്റം കോളനി റോഡിന്റെ ഇരുവശങ്ങളിലുമുള്ള കാട്ടുവെട്ടി തെളിയ്ക്കൽ" എന്ന പ്രവൃത്തിയിൽ 26.06.17, 27.06.17, 28.06.17 എന്നീ തീയതികളിൽ ഏർപ്പെട്ടിരുന്ന തൊഴിലാളികളിൽ 8 പേർ (സാറാമ്മ ചാക്കോ, അന്നമ്മ ജോസഫ്, ശാന്തമ്മ ശ്രീധരൻ, ശാന്തമ്മ ദിവാകരൻ, വത്സമ്മ ജോസഫ്, ത്രേസ്യാമ്മ ബാബു, അമ്മിണി രവി, ഇന്ദിര രാജൻ എന്നിവർ) അതേ തീയതിയിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിലെ "പാലയ്ക്കൽ നീർത്തടത്തിൽ മഴക്കുഴി നിർമ്മാണം എന്ന പ്രവൃത്തിയുടെ ഭാഗമായിരുന്നു. ടി വസ്തുത MGNREGS ഓവർസിയർ

രേഖാമൂലം ഓഡിറ്റിനെ അറിയിച്ചിട്ടുണ്ട്. (പ്രവൃത്തിയുടെ മസ്റ്റർ റോൾ 743/17-18, 828/17-18, 829/17-18)

(2) 8-ാം വാർഡിലെ ശുചീകരണ പ്രവൃത്തിയായിരുന്ന "സഹകരണവേദി പരിസരവും EALPS മുറ്റവും പരിസരവും വൃത്തിയാക്കൽ" ടി പ്രവൃത്തിയിൽ 05.06.17 ൽ ഉൾപ്പെട്ടിരുന്ന തൊഴിലാളികളിൽ വത്സമ്മ കുട്ടപ്പൻ, പത്മിനി റ്റി.എസ് എന്നീ തൊഴിലാളികൾ ഇതേ തീയതിയിൽ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായ വൃക്ഷത്തൈ നടീലും പരിപാലനവും എന്ന പ്രവൃത്തിയിൽ ഉൾപ്പെട്ടിരുന്നതായി ഓവർസിയർ ഹാജരാക്കിയ 433-ാം നമ്പർ മസ്റ്റർ റോൾ വ്യക്തമാക്കുന്നു.

(3) 7-ാം വാർഡിൽ "ആരമല-പടനിലം കൊററംചിറ റോഡിന്റെ ഇരുവശങ്ങളിലുമുള്ള കാട് വെട്ടി തെളിയ്ക്കൽ" എന്ന പ്രവൃത്തിയിൽ 26.06.2017, മുതൽ 29.06.17 വരെയുള്ള 4 ദിവസങ്ങളിൽ മേരി ഡേവിഡ്, തങ്കമ്മ ശാമുവൽ, ലിസി എന്നിവർ ഉൾപ്പെട്ടിരുന്നു. എന്നാൽ ഇടയിരിക്കപ്പുഴ നീർത്തടത്തിൽ മഴക്കുഴി നിർമ്മാണം എന്ന തൊഴിലുറപ്പു പദ്ധതിയുടെ ഭാഗമായി മേൽ തൊഴിലാളികൾ 26.06.17 മുതൽ 29.06.17 വരെയുള്ള 4 ദിവസങ്ങളിൽ പ്രവർത്തിച്ചിട്ടുണ്ട്. 748/17-18, 749/17-18, എന്നീ മസ്റ്റർ റോളുകൾ ടി വസ്തുത വ്യക്തമാക്കിയിട്ടുള്ള വിവരം MGNREGS ഓവർസിയർ രേഖാമൂലം ലഭ്യമാക്കിയിട്ടുണ്ട്.

II) മസ്റ്റർ റോളുകൾ പൂർണ്ണവും കൃത്യമായ സാക്ഷ്യപ്പെടുത്തലോടും കൂടിയതല്ല. 4, 10, 7 എന്നീ വാർഡുകളിലെ വാർഡുതല സാനിട്ടേഷൻ സമിതിയിലെ കൺവീനർമാരെ നേരിൽ കേട്ടതിൽ ടി കൺവീനർമാർ കൈപ്പറ്റ് രസീത് നൽകി ചെക്കിന്റെ പുറത്ത് ഒപ്പിട്ടു നൽകുകയല്ലാതെ മറ്റൊരു രേഖകളും തയ്യാറാക്കുന്നതിലൊ പരിശോധിക്കുന്നതിലോ ശ്രദ്ധിച്ചിട്ടില്ല എന്ന് വാക്കാൽ അറിയിച്ചു.

III) പ്രവൃത്തികൾക്ക് കൃത്യമായ എസ്റ്റിമേറ്റോ വാല്യുവേഷൻ രേഖകളോ മോണിട്ടറിംഗ് റിപ്പോർട്ടോ ഫയലിൽ ലഭ്യമല്ല.

IV) 16.10.17 ൽ ഏതാനും തൊഴിലാളികളുടെ കയ്യൊപ്പ് MGNREGS ഓവർസിയറുടെ സാന്നിദ്ധ്യത്തിൽ സാക്ഷ്യപ്പെടുത്തിയതിൽ ശുചീകരണ പ്രവൃത്തിയുടെ മസ്റ്റർ റോളിലെ കയ്യൊപ്പും സാക്ഷ്യപ്പെടുത്തി നൽകിയ കയ്യൊപ്പും തമ്മിൽ വ്യക്തമായ പൊരുത്തക്കേട് ദൃശ്യമാണ്.

അപാകതകളിൽ വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.9/17.10.18) അടിയന്തിര സാഹചര്യങ്ങൾ പരിഗണിച്ച് പ്രവൃത്തി ചെയ്യുമ്പോൾ ഉണ്ടായ അപാകതയാണെന്ന് വിശദീകരണം നല്കിയിട്ടുണ്ട്. കൂടാതെ നിർവ്വഹണത്തിൽ കൂടിയാലോചനകൾ നടന്നിട്ടില്ല എന്നും, ജനപ്രധിനിധികളും ഉദ്യോഗസ്ഥരുമായി ഏകോപനം ഉണ്ടായിട്ടില്ല എന്നും വ്യക്തമാണ്. വിഷയത്തിൽ ഭരണസമിതി അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതും വിശദാംശങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-8 ഉപരി പരിശോധനയുടെ അഭാവം -അങ്കണവാടി സ്റ്റോക്കിൽ വ്യത്യാസം

പഞ്ചായത്തിൽ 21 അങ്കണവാടികൾ ഉള്ളതിൽ ഉപരി പരിശോധന നടത്തുന്നില്ലാത്തതായി ശ്രദ്ധയിൽപ്പെട്ടു. ചില അങ്കണവാടികളിലെ ഇൻസ്പെക്ഷൻ ഡയറി പരിശോധിച്ചതിൽ സൂപ്പർവൈസർ രണ്ട് മാസമായി അങ്കണവാടികൾ സന്ദർശിച്ചിട്ടില്ലായെന്നു വ്യക്തമാകുന്നു. ഭൗതിക പരിശോധന നടത്തിയ ഒരു അങ്കണവാടിയിൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള സാധനങ്ങളുടെ അളവും യഥാർത്ഥത്തിൽ അവശേഷിക്കുന്ന സാധനങ്ങളുടെ അളവും തമ്മിൽ വ്യത്യാസം കണ്ടു. ഇത് ഉപരി പരിശോധനയുടെ ആവശ്യകതയാണ് വ്യക്തമാക്കുന്നത്. വാർഡ് മെമ്പർ ചെയർ പേഴസൺ ആയും അങ്കണവാടി വർക്കർ കൺവീനറും ആയ അങ്കണവാടി ലെവൽ മോണിറ്ററിംഗ് & സപ്പോർട്ട് കമ്മിറ്റി അങ്കണവാടികളിൽ ഇടപെടലുകൾ നടത്തേണ്ടതാണെന്ന നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും അപ്രകാരം ഇടപെടലുകൾ ഉണ്ടാകുകയോ ഉപരി പരിശോധന നടത്തുകയോ ചെയ്യുന്നില്ല. അങ്കണവാടികളുടെ ശരിയായ പ്രവർത്തനങ്ങൾക്ക് സമിതി കൂടുതൽ കാര്യക്ഷമമായ ഇടപെടലുകൾ നടത്തേണ്ടതുണ്ട്. ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ടി വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-9 ബിറ്റുമിൻ ഉപയോഗിക്കുന്ന റോഡ് പ്രവൃത്തികൾ - ബാരൽ വില ഈടാക്കുന്നില്ല.

ഡി.എസ്.ആർ പ്രകാരം റോഡ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സീൽഡ് ബിറ്റുമിൻ വിലയാണ് ഉൾപ്പെടുത്തുന്നതെങ്കിൽ പ്രവൃത്തി പൂർത്തിയായി കഴിയുമ്പോൾ കാലി ബാരലിന്റെ വില

കരാറുകാരനിൽ നിന്ന് ഈടാക്കണമെന്ന് 2009ലെ സ്പെസിഫിക്കേഷനിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2017-18 ൽ പൂർത്തിയായ താഴെ പറയുന്ന പ്രവൃത്തികളുടെ ബില്ല് തയ്യാറാക്കിയപ്പോൾ ബാരൽ വില കുറവു ചെയ്തിട്ടില്ല.വിശദവിവരം ചുവടെ ചേർക്കുന്നു.

<table>
<tr><th></th><th>പ്രവൃത്തി വിശദാംശങ്ങൾ</th><th>ബാരലിന്റെ എണ്ണം</th><th>ഈടാക്കേണ്ട തുക</th><th>റിമാർക്സ്</th></tr>
<tr><td>1</td><td>പ്രോജക്ട്-പടനിലം-കൊറ്റംചിര റോഡ്<br>പ്രോജക്ട് നമ്പർ- -94/18<br>കരാറുകാരൻ-ഫിലിപ് തോമസ്<br>കരാറുകാരന് നല്കിയ തുക<br>193969/- (A/cഎസ്.ബി.ഐ 6711975914)</td><td rowspan="3">30</td><td rowspan="3">വില@236/ബാരൽ<br>7080/-<br>ജി.എസ്.ടി-18%<br>1274/-<br>ആകെ 8354/-</td><td rowspan="3">മൂന്ന് പ്രവൃത്തികൾക്കും കൂടി 30 ബാരൽ ബിറ്റുമിൻ വാങ്ങിയ ബില്ല് ഹാജരാക്കി</td></tr>
<tr><td>2</td><td>പ്രോജക്ട്-കാരമല-പാങ്ങാവുങ്കൽ റോഡ്<br>പ്രോജക്ട് നമ്പർ- -96/18<br>കരാറുകാരൻ-ഫിലിപ് തോമസ്<br>142037/-(A/cഎസ്.ബി.ഐ 6711975914)</td></tr>
<tr><td>3</td><td>പ്രോജക്ട്-കോവൂർ പൂതക്കുഴി റോഡ്<br>പ്രോജക്ട് നമ്പർ- -103/18<br>കരാറുകാരൻ-ഫിലിപ് തോമസ്<br>165698/-(A/cഎസ്.ബി.ഐ 6711975914)</td></tr>
<tr><td></td><td>പ്രോജക്ട്-പാണ്ടിയാംകുഴി-ചാരംപറമ്പ് റോഡ്<br>പ്രോജക്ട് നമ്പർ- -107/18<br>കരാറുകാരൻ-ജോർജ് തോമസി<br>241869/- (A/cഎസ്.ഐ .ബി. 0705053000002083)</td><td>15</td><td>വില@236/ബാരൽ<br>3540/-<br>ജി.എസ്.ടി 18%<br>637/-<br>ആകെ 4177/-</td><td>മൂന്ന് പ്രവൃത്തികൾക്കായി 30 ബാരൽ ബിറ്റുമിൻ വാങ്ങിയ ബില്ല് ഹാജരാക്കി</td></tr>
<tr><td></td><td>ആകെ</td><td></td><td>വില -10620/-<br>ജിഎസ്.ടി-1911/-<br>ആകെ-12531/-</td><td></td></tr>
</table>

കാലിബാരലിന്റെ വില ഈടാക്കി ബിറ്റുമിൻ വാങ്ങുന്നതിന് തുക ചെലവഴിച്ച ഫണ്ടിൽ നിയമാനുസൃതം തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-10 മുൻകൂട്ടിക്കാണാത്ത ഇനങ്ങൾക്കുള്ളചെലവ് -നിയമാനുസൃതമല്ലാത്ത വകയിരുത്തൽ

പഞ്ചായത്ത് പ്രദേശത്ത് സ്ലീറ്റ്മെയിൻ വലിക്കുന്നതിനായി 2017-18 വർഷം പ്രോജക്ട് നം.146/18 പ്രകാരം 275010/- രൂപ (എസ്.ബി.ഐ 67216508194 നമ്പർ അക്കൗണ്ടിൽ നല്കി) ഇലക്ട്രിക്കൽ സെക്ഷൻ പത്തനാട് നിക്ഷേപിച്ചിട്ടുണ്ട്. സാങ്കേതിക അനുമതി ലഭിച്ച എസ്റ്റിമേറ്റ് തുകയാണ് പ്രവൃത്തിക്ക് ഡപ്പോസിറ്റ് ചെയ്തിട്ടുള്ളത്. എസ്റ്റിമേറ്റ് പരിശോധിച്ചതിൽ സാധനങ്ങളുടെ വില, സൂപ്പർവിഷൻ ചാർജ്, ലേബർ ചാർജ്, നികുതി എന്നിവയും കൂടാതെ അപ്രതീക്ഷിത ചെലവുകൾക്ക് 16%തുക (26349.85രൂപ) വകയിരുത്തിയിട്ടുണ്ട്. ആയത് കൂടാതെ മുൻകൂട്ടിക്കാണാത്ത ചെലവുകൾക്ക് 20% തുകയായ 33059.97 രൂപയും നല്കിയിട്ടുണ്ട്. മരാമത്ത് പ്രവൃത്തികളിൽ വിശദമായ എസ്റ്റിമേറ്റിനാണ് സാങ്കേതിക അനുമതി നല്കുന്നത്. വിശദമായ എസ്റ്റിമേറ്റിൽ lump sum പ്രൊവിഷൻ അനുവദനീയമല്ല.കൂടാതെ മരാമത്ത് ചട്ടങ്ങൾ പ്രകാരം 5% ൽ അധികം തുക lump sum പ്രൊവിഷൻ ആയി വയ്ക്കുന്നതിനും നിയമസാധുതയില്ല. ഈ സാഹചര്യത്തിൽ 33059.97 രൂപയുടെ ചെലവ് തടസ്സപ്പെടുത്തിന്നു. തുക തിരികെ ഈടാക്കുകയോ ആകെ ചെലവിന്റെ ഇനംതിരിച്ചുള്ള ചെലവ് വിവരം ഹാജരാക്കുകയോ ചെയ്ത് തടസ്സം ഒഴിവാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 2017-18 | 491667 | പാലിനു സബ്സിഡി | 491667 | 0 |
| | | 83350 | അങ്കണവാടി പോഷകാഹാരം | 83350 | 0 |
| | | 50000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 50000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിലെ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|
| കെ.എസ്.ഇ.ബി | തെരുവു വിളക്ക് മീറ്റർ സ്ഥാപിക്കൽ (പ്രോജക്ട് നം.16/18) | 21700819 | 328600 | ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല |
| കെ.എസ്.ഇ.ബി | സ്ലീറ്റ് മെയിൻ വലിക്കൽ (പ്രോജക്ട് നം.146/18) | 21701106 | 275010 | ,, |

പ്രവൃത്തികൾ പൂർത്തീകരിച്ചതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 59226 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|
| 2014-15 | 3-3 | 48963 | ഷൈലജ.ആർ<br>അസി.എൻജിനീയർ | 117010101257<br>/17.07.18 |
| 2012-13 | 3-7(a) | 10263 | ഷൈലജ.ആർ<br>അസി.എൻജിനീയർ | 117010104294<br>23/12/17 |

2014-15, 2012-13 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിന്മേലുള്ള മറുപടിയിൽ മേൽ വസ്തുത സൂചിപ്പിച്ച് ഈ ഓഫീസിനെ അറിയിക്കേണ്ടതാണ്.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെഅവസ്ഥ |
|---|---|---|---|---|---|
| 2009-10 | 3-5 | 11-12 | 2-6 | നിക്ഷേപ പ്രവൃത്തികൾ-നടപടിക്രമങ്ങൾ പാലിക്കുന്നില്ല | |

## 4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 63406076.95 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 47742189.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 10620 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 21247.50 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 201841.97 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | | |
| 3-1 | | 21247.50 | 3056.50 | മിനിമോൾ എസ്, ഓവർസിയർ |
| | | | 3056.50+6039 | അജയകുമാർ.പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| | | | 3056.50+6039 | എം.റ്റി.ശിവൻകുട്ടി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ |
| 3-9 | 10620.00 | | | അജയകുമാർ.പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | 10620 | 21247.50 | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 152683.00 | ശ്രീമതി ഗീത മേരി മാമൻ, സെക്രട്ടറി |
| 3-3 | 16099 | അജയകുമാർ.പി, അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-10 | 33059.97 | ശ്രീമതി ഗീത മേരി മാമൻ, സെക്രട്ടറി |
| ആകെ | 201841.97 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-9 | 1911 | അജയകുമാർ.പി, അസിസ്റ്റന്റ് എഞ്ചിനീയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| മിനിമോൾ .എസ്, ഓവർസിയർ | ഓവർസിയർ, കഞ്ഞഴ ഗ്രാമ പഞ്ചായത്ത് | കൈലാസ് കരിക്കാട്ടൂർ പി.ഒ മണിമല |
| അജയകുമാർ.പി, അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, കഞ്ഞഴ ഗ്രാമ പഞ്ചായത്ത് | ത്രിവേണി കുനയിൽ പറവൂർ പി.ഒ കൊല്ലം |
| എം.റ്റി.ശിവൻകുട്ടി, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, കഞ്ഞഴ ഗ്രാമ പഞ്ചായത്ത് | ഇടകിള്ളിക്കാട്ടു വീട് എസ്.എൽ.പുരം.പി.ഒ ആലപ്പുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 2000-01 | കെഎസ്എ.കെടിഎം.പി.5(അദാ.18)188(2)/18/01.02.18 | 8 |
| 2001-02 ചെലവ് | കെഎസ്എ.കെടിഎം.പി.5(അദാ.18)188(3)/18/01.02.18 | 1 |
| 2002-03 ചെലവ് | കെഎസ്എ.കെടിഎം.പി.5(അദാ.18)188(4)/18/01.02.18 | 4 |
| 2003-04 ചെലവ് | നം.എൽ.എഫ്.കെ.പി.11/1190/06/23.3.07/7.9.07 | |
| 2004-05 | കെഎസ്എ.കെടിഎം.പി.5(അദാ.18)188(8)/18/01.02.18 | 1 |
| 2005-06 | കെഎസ്എ.കെടിഎം.പി.5(അദാ.18)188(9)/18/01.02.18 | 6 |
| 2006-07 | കെഎസ്എ.കെടിഎം.പി.5(അദാ.18)188(10)/18/20.02.18 | 13 |
| 2007-08 | കെഎസ്എ.കെടിഎം.പി.5(അദാ.18)188(11)/18/21.02.18 | 5 |
| 2008-09 | കെഎസ്എ.കെടിഎം.പി.5(അദാ.18)188(12)/18/21.02.18 | 4 |
| 2009-10 | കെഎസ്എ.കെടിഎം.പി.5(അദാ.18)188(13)/18/21.02.18 | 2 |
| 2010-11 | കെഎസ്എ.കെടിഎം.പി.5(അദാ.18)188(14)/18/21.02.18 | 6 |
| 2011-12 | കെഎസ്എ.കെടിഎം.പി.5(അദാ.18)188(15)/18/20.02.18 | 8 |
| 2012-13 | നം.എൽ.എഫ്.കെ.പി.5/672/16/20.08.16 | 19 |
| 2013-14 | നം.എൽ.എഫ്.കെ.പി.5/1274/16/03.10.16 | 14 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി.5-1860/16/20.05.17 | 17 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.5-535/17/28.02.18 | 15 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.പി.5-72/18/23.01.18 | 15 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.ടി.എം.പി5/1954/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഫോൺ: 04812564886

ഇ-മെയിൽ: doktm.ksad@kerala.gov.in

തീയതി:05.11.2018

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കങ്ങഴ ഗ്രാമപഞ്ചായത്തിന്റെ 2017-18-ലെ വാർഷിക ധനനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരളാപഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും 2011 കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം